# അൽ ഹഖ്
AHMADIYYA NEWS BULLETTIN

LOVE FOR ALL HATRED FOR NONE

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | മാർച്ച് 2008 | PRIVATE CIRCULATION



മൂന്നാം പേജിൽ: ഗവർമ്മെന്റ് ഹോസ്പിറ്റലിന് നെബുലയ്സർ ദാനവും 'വഖാറെ അമലും'



അഞ്ചാം പേജിൽ: ഫിത്ന– അന്താരാഷ്ട്ര പ്രതിഷേധമുയരുന്നു



ആറാം പേജിൽ: മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖലാ തർബിയ്യത്ത് ക്യാമ്പ്

ഏഴാം പേജിൽ: ആരും കാണാത്ത പത്രസ്വാതന്ത്ര്യനിഷേധം

എട്ടാം പേജിൽ: റുവാണ്ടൻ വൈദികന് ജീവപര്യന്തം




## ആഗോള ദാരിദ്ര്യം അവസാനിപ്പിക്കുക: ഖലീഫത്തുൽ മസീഹ് ഖാമിസ്



**ലണ്ടൻ:** 2008 മാർച്ച് 29-ന് ലണ്ടനിലെ ബയ്ത്തുൽ ഫുത്തൂഹിൽവച്ച് ചേർന്ന മൂന്നാമത് വാർഷിക സമാധാന സമ്മേളനത്തിൽ ആഗോള ദാരിദ്ര്യം അവസാനിപ്പിക്കാൻ വികസിത രാജ്യങ്ങൾ മുന്നിട്ടിറങ്ങണമെന്ന് ഖലീഫത്തുൽ മസീഹ് ഖാമിസ് ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ആഹ്വാനം ചെയ്തു. വിവിധ സമുദായങ്ങൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കേണ്ട കാലമാണിത്. സമാധാനം തകർക്കാൻ ഒരു മതവും പഠിപ്പിച്ചിട്ടില്ല. മുഹമ്മദ് നബിയെ മോശമായി ചിത്രീകരിക്കുന്ന കാർട്ടൂണിനെക്കുറിച്ചും, ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ വക്രീകരിച്ച് കാട്ടുന്ന സിനിമയെയും പരാമർശിക്കവെ, ഇത്തരം കൃത്യങ്ങൾ സമൂഹത്തിൽ അസമാധാനമേ സൃഷ്ടിക്കൂവെന്ന് ഹുസൂർ അഭിപ്രായപ്പെട്ടു. ആഗോള ദാരിദ്ര്യത്തെക്കുറിച്ച് ഹുസൂർ വ്യക്തമായ കാഴ്ചപ്പാടാണ് അവതരിപ്പിച്ചത്. ദരിദ്രരാജ്യങ്ങളിലെ പട്ടിണിയോട് വെറുതെ സഹതാപം പ്രകടിപ്പിച്ചതുകൊണ്ടുമാത്രമായില്ല, മറിച്ച്, നാം അവരെ സഹായിക്കേണ്ടതുണ്ട്. എത്ര ആത്മാർത്ഥമായി ശ്രമിച്ചാലും ഒന്നോ രണ്ടോ വ്യക്തികൾക്കുമാത്രം ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമല്ല. അതിന് കൂട്ടായ പരിശ്രമം വേണം. ആയുധങ്ങളും വെടിക്കോപ്പുകളും വിതരണം ചെയ്യുന്നതിന് പകരം ഭക്ഷണം നൽകി സഹായിക്കണം. കുഗ്രാമങ്ങളിൽ വിദ്യാഭ്യാസവും ആരോഗ്യസംവിധാനവും എത്തിക്കണം. വിവിധ മതക്കാരായ 500 ഓളം അതിഥികൾ ചടങ്ങിൽ പങ്കെടുത്തു. മറ്റ് പ്രതിനിധികൾക്കു പുറമെ ഷാഡോ- അറ്റോർണി ജനറൽ ഡൊമനിക്ക് ഗ്രീസ് എം.പി, മിച്ചം മോർഡൻ എം.പി, സിയോണിയൻ മക്ഡൊനാഹ് എന്നിവരും പങ്കെടുത്തു.

## അഹ്മദികൾ നിരീശ്വരവാദികളെന്ന് സൗദി സർക്കാർ

**ലണ്ടൻ:** അഹ്മദികൾ നിരീശ്വരവാദികളാണെന്ന പാഠഭാഗം ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ പാഠ്യപദ്ധതി പുതുക്കാൻ സൗദി സർക്കാർ നീക്കമാരംഭിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. ഒരാൾക്ക് മറ്റൊരാളെ അമുസ്‌ലിം എന്ന് വിളിക്കാൻ യാതൊരു അവകാശവുമില്ലെന്ന് പഠിപ്പിച്ച മുഹമ്മദ് നബി(സ)യുടെ ജന്മസ്ഥലത്തുതന്നെ കലിമ ചൊല്ലുന്ന അഹ്മദികളെ നിരീശ്വരവാദികളെന്ന് മുദ്രകുത്തുന്നത് വിചിത്രമാണെന്ന് അഹ്മദിയ്യാ മുസ്‌ലിം പ്രസ്സ് സിക്രട്ടറി ആബിദ്ഖാൻ പ്രസ്താവനയിൽ പറഞ്ഞു. മുഹമ്മദ് നബി(സ) തിരുമേനിയുടെ അധ്യാപനങ്ങൾ ലോകത്ത് യാഥാർത്ഥ്യമാക്കുന്ന ഒരേയൊരു സമുദായം അഹ്മദികളാണ്. അങ്ങനെയുള്ളവരെ മതപരമായി ദ്രോഹിക്കുന്ന നയം അപലപനീയമാണ്. അദ്ദേഹം പ്രസ്താവിച്ചു. "സൗദി അറേബ്യ മത അസഹിഷ്ണുത തുടരുന്നതിന്റെ അവസാനത്തെ ഉദാഹരണമാണ് അഹ്മദികൾക്കെതിരായ നീക്കം." ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ മിഡിൽ ഈസ്റ്റ് ഡയരക്ടർ സാറാ ലീ വിട്സൺ പ്രസ്താവിച്ചു.

## ഫിത്ന എന്ന സിനിമ

**ലണ്ടൻ:** ഫിത്ന എന്ന പേരിൽ മാർച്ച് 28-ന് പുറത്തിറങ്ങിയ ഒരു ഇംഗ്ലീഷ് സിനിമ വിവാദമാകുന്നു. 15 മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഈ സിനിമ നിർമ്മിച്ച് പുറത്തിറക്കുന്നത് നെതർ ലാന്റിലെ പാർലമെന്റംഗവും രാഷ്ട്രീയനേതാവുമായ ഗ്രീറ്റ് വിൽഡേഴ്സ് ആണ്. പൂർണ്ണമായും ഖുർആനിൽനിന്നെടുത്തതും 'ഇസ്‌ലാമിക ഭീകരതയെ' ഞെട്ടിക്കുന്നതുമായ ഒരു ചിത്രം എന്നാണ് വിൽഡേഴ്സ് ഇതിനെ വിശേഷിപ്പിച്ചത്. എന്നാൽ, ലോകമെമ്പാടും ഈ ചിത്രത്തിനെതിരെ പ്രതിഷേധമുയരുകയാണ്.



സിനിമ നിർമ്മിച്ച ഗ്രീറ്റ് വിൽ ഡേഴ്സ് നേരത്തേ തന്നെ മുസ്ലിം വിരുദ്ധ പ്രസംഗങ്ങളുടെ പേരിൽ വിമർശനവിധേയനായിരുന്നു. ഖുർആനിലെ പകുതിയിലധികവും പേജുകൾ കത്തിച്ചുകളഞ്ഞാൽ മാത്രമേ നെതർലാന്റ്സിൽ മുസ്‌ലിംകൾക്ക് നിൽക്കാൻ പറ്റുകയുള്ളൂ എന്ന് പരസ്യമായി പ്രഖ്യാപിച്ച രാഷ്ട്രീയക്കാരനാണ് ഗ്രീറ്റ് വിൽഡേഴ്സ്. വിശുദ്ധഖുർആനെ പലതവണ ഫാസിസ്റ്റ് ഗ്രന്ഥം എന്ന് ഇദ്ദേഹം വിശേഷിപ്പിച്ചിട്ടുണ്ട്. ഈജിപ്ത്, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ എന്നിവ ഫിത്നയുടെ പ്രദർശനാരംഭം ഉത്ക്കണ്ഠയോടെയാണ് ഉറ്റുനോക്കുന്നത്. അതേ സമയം ചിത്രം എന്തു വില കൊടുത്തും ഫ്രാൻസിൽ പ്രദർശിപ്പിക്കുമെന്ന് ഫ്രഞ്ച് പ്രസിഡന്റ് സർക്കോസി പറഞ്ഞു. അതേസമയം ഈ സിനിമയുടെ പ്രദർശനം അഫ്ഗാനിസ്ഥാനിലെ നാറ്റോ സൈന്യത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചേക്കുമെന്ന് നാറ്റോ ആശങ്ക അറിയിച്ചു.

ഇതിനകംതന്നെ പാക്കിസ്ഥാനിൽ ഈ സിനിമ നിരോധിച്ചുകഴിഞ്ഞു. അൽഖ്വയ്ദ, ചിത്രത്തിന്റെ നിർമ്മാതാവും സംവിധായകനുമായ ഗ്രീറ്റ് വിൽഡേഴ്സിനെതിരെ വധശിക്ഷ വിധിച്ചിട്ടുണ്ട്. സിറിയയിലെ ഗ്രാന്റ് മുഫ്തി അഹ്മദ് ബദർ അൽ ബിൻ സിനിമയിൽ ഖുർആൻ കത്തിക്കുന്ന രംഗങ്ങളുണ്ടെങ്കിൽ സംഭവിച്ചേക്കാവുന്ന കാര്യങ്ങൾക്ക് ഡച്ച് ജനത ഉത്തരവാദികളായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. സിനിമയിൽ ഉണ്ടെന്ന് പറയപ്പെടുന്ന ഇസ്‌ലാമിക വിരുദ്ധ രംഗങ്ങളിൽ പ്രതിഷേധിച്ച് നെതർലാന്റുമായുള്ള നയതന്ത്രബന്ധം പുനഃപരിശോധിക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. അതേ സമയം ഈ ചലച്ചിത്രത്തിന്റെ പുറത്തുവരൽ തടയാൻ ഡച്ച് ഗവർമ്മെന്റിന് മേൽ കനത്ത സമ്മർദ്ദമുണ്ട്.

ഖുർആനെ മോശമായി ചിത്രീകരിക്കുന്ന ഇത്തരം സൃഷ്ടികൾ സമൂഹത്തിലെ സമാധാനത്തെ നഷ്ടപ്പെടുത്തുമെന്ന് അഹ്മദിയ്യാ ജമാഅത്ത് ലണ്ടനിൽ പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞു. നേരത്തേതന്നെ വിവാദപ്രസ്താവനകളിലൂടെ മുസ്‌ലിംകളെ വേട്ടയാടുന്ന ഗ്രീറ്റ് വിൽഡേർസിന്റെ പുതിയ ഉദ്യമം മുസ്‌ലിംകളുടെ ശാന്തിയേയും ജീവിതഭദ്രതയേയും ലക്ഷ്യം വെച്ചുള്ളതാണെന്ന് ജമാഅത്തിന്റെ വക്താവ് ആബിദ്ഖാൻ പ്രസ്താവിച്ചു. വിൽഡേർസിന്റെ ചലച്ചിത്രം പ്രദർശിപ്പിക്കാൻ തയ്യാറാകാത്ത ഡച്ച് ഗവർമ്മെന്റിന്റെ നടപടിയെ ആബിദ്ഖാൻ ശ്ലാഘിച്ചു. യൂറോപ്യൻരാജ്യങ്ങളും ഹോളണ്ടിനെ മാതൃകയാക്കണമെന്ന് അദ്ദേഹം പറഞ്ഞു.

## എം.ടി.എ. ആന്റമാൻ കേബിൾ നെറ്റ്‌വർക്കിൽ മൂന്നുലക്ഷം പേർ ഗുണഭോക്താക്കൾ

*അൽഹഖ് ന്യൂസ് ഡസ്ക്*

**പോർട്ട്ബ്ലെയർ (ആന്റമാൻ നിക്കോബാർ):** പോർട്ട് ബ്ലയർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആന്റമാൻ കേബിൾ നെറ്റ്‌വർക്കിൽ ഫെബ്രുവരി 27 മുതൽ എം.ടി.എ. ലഭ്യമായിത്തുടങ്ങി. പോർട്ട്ബ്ലയറിലും പരിസരത്തുമുള്ള ഒരു ലക്ഷത്തോളം ഭവനങ്ങളിലും കെട്ടിടങ്ങളിലുമായി മൂന്നു ലക്ഷത്തിൽപരം ആളുകൾക്കാണ് എം.ടി.എ. ഇതുമുഖേന ലഭ്യമാകുന്നത്.

ഇന്ത്യയിൽ, ഇത്രയും വിപുലമായ തോതിൽ എം.ടി.എ ജനങ്ങളിലേക്കെത്തിക്കാനുള്ള പ്രഥമ സംരംഭമാണിത്.

ആന്റമാൻ നിവാസികൾക്ക് ഉർദുവും ഹിന്ദിയും സംസാരിക്കാൻ കഴിയുന്നുവെന്നത് എം.ടി.എ പ്രയോജനപ്പെടുത്താൻ ഏറെ സഹായകരമാണ്. ഏറ്റവും കൂടുതൽ മുസ്‌ലിംകൾ ബംഗാളികളാണ്. രണ്ടാംസ്ഥാനത്ത് മലയാളികളും.

ഈ സദുദ്യമത്തിൽ നസാറത്ത് ഇസ്‌ലാഹോ ഇർശാദ് ഖാദിയാന്റേയും, പോർട്ട് ബ്ലയർ ജമാഅത്ത് പ്രസിഡന്റ് മുനവ്വർ അഹ്മദ് സാഹിബ് (ജൂനിയർ എഞ്ചിനീയർ ജലവിതരണ അതോറിറ്റി ആന്റമാൻ), ഇസ്മാഈൽ സർദാർ സാഹിബ് (എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ആന്റമാൻ) എന്നിവരുടേയും സഹകരണം പ്രത്യേകം സ്മരണീയമാണ്.

സമുദ്രമദ്ധ്യത്തിലെ അന്തമാൻ ദ്വീപ് സമൂഹത്തിൽ എം.ടി.എയുടെ കടന്നുവരവ് ദീർഘകാലാടിസ്ഥാനത്തിലുള്ള മാറ്റങ്ങൾക്ക് കാരണമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

# മുസ്‌ലിഹ് മൗഊദ് ദിന യോഗം

**പോർട്ട്ബ്ലയർ (ആന്റമാൻ നിക്കോബാർ):** ഫെബ്രുവരി 24-ാം തിയ്യതി ഞായറാഴ്ച അസ്ർ നമസ്കാരത്തിനുശേഷം പോർട്ട്ബ്ലയർ അഹ്മദിയ്യാ മസ്ജിദിൽ ആന്റമാൻ നിക്കോബാർ മുബല്ലിഗ് & സർക്കിൾ ഇൻചാർജ് എച്ച്. ശംസുദ്ദീൻ കാവശ്ശേരിയുടെ അധ്യക്ഷതയിൽ മുസ്‌ലിഹ് മൗഊദ് ദിനയോഗം ചേർന്നു.

മുഅല്ലിം മൗലവി അനീസുർറഹ്മാൻ സാഹിബ് തിലാവത്തുൽ ഖുർആൻ നിർവ്വഹിച്ചു. ഗുലാം അഹ്മദ് സാഹിബ്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെക്കുറിച്ചുള്ള പ്രവചനവും, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒരു പദ്യവും കേൾപ്പിച്ചു.

റബീഉല്ലാഹ് സാഹിബ്, സുൽത്വാൻ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. അധ്യക്ഷന്റെ ഉപസംഹാര പ്രഭാഷണത്തിനുശേഷം ദുആയോടുകൂടി യോഗം സമംഗളം സമാപിച്ചു.

**കരുളായി:** 27.2.08-ന് ബുധനാഴ്ച മഗ്‌രിബ്നുശേഷം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മുസ്‌ലിഹ് മൗഊദ് ദിനയോഗം സംഘടിപ്പിച്ചു. ജമാഅത്ത് പ്രസിഡന്റ് ടി.കെ. മുഹമ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. സി.കെ. സിറാജ് ഖുർആൻ പാരായണം നടത്തി. കെ.എം. ഫാരിസ് അഹ്മദ് ഉർദുപദ്യം കേൾപ്പിച്ചു. മൗലവി പി. നാസർ സാഹിബ് എച്ച്.എ, മൗലവി മുഹമ്മദ് ശരീഫ് സാഹിബ് എച്ച്.എ. എന്നിവർ പ്രസംഗിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനയുടെ ഫലമായി അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് നൽകിയ മഹത്തായ ഒരു അനുഗ്രഹമാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എന്നും ഇതിന് കൃതജ്ഞതയുളവാക്കുവാൻ അഹ്മദികൾ ബാധ്യസ്ഥരാണെന്നും അവർ ഉൽബോധിപ്പിച്ചു.

ജമാഅത്തിലെ ഭൂരിഭാഗം അൻസാർ, ഖുദ്ദാം, അത്ഫാൽ, ലജ്ന സാഹോദരങ്ങളും യോഗത്തിൽ പങ്കെടുത്തു. യോഗത്തിനുശേഷം മധുരപലഹാരം വിതരണം ചെയ്തു.

# ഏക ആത്മീയനേതൃത്വം അനിവാര്യം: പി. മുഹമ്മദ് ഇസ്മായിൽ



**മണ്ണാർക്കാട്:** മുസ്‌ലിംകൾക്ക് മാത്രമല്ല എല്ലാ മതവിഭാഗങ്ങൾക്കും ഏക ആത്മീയലോക നേതൃത്വം അനിവാര്യമാണെന്ന് മൗലവി മുഹമ്മദ് ഇസ്മായിൽ ആലപ്പുഴ അഭിപ്രായപ്പെട്ടു. അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിന്റെ ശതവാർഷിക ജൂബിലി ആഘോഷത്തിന്റെ ഭാഗമായി മണ്ണാർക്കാട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രചാരണയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എം.കെ. അബ്ദുൾ അസീസ് അധ്യക്ഷത വഹിച്ചു. യൂസഫ് മൗലവി, പ്രൊഫ. എം.കെ. അബ്ദുൾ കരീം, സെക്രട്ടറി എ.ക്യു. മുസ്‌ലിം എന്നിവർ പ്രസംഗിച്ചു.

# തബ്‌ലീഗ് പരിപാടി

**കൊച്ചി:** സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തെക്കൻ മേഖലയിലെ മജ്‌ലിസുകളിൽ തുടർച്ചയായി നടത്തിവരുന്ന സംയുക്ത തബ്‌ലീഗിന്റെ ഭാഗമായി 2008 മാർച്ച് 2-ാം തിയ്യതി ഞായറാഴ്ച കൊച്ചിയിൽ ഗ്രൂപ്പ് തബ്‌ലീഗ് നടത്തുകയും നാലായിരത്തോളം നോട്ടീസുകൾ വിതരണം ചെയ്യുകയും ചെയ്തു. നൂറുവർഷം പൂർത്തിയാക്കുന്ന അഹ്മദിയ്യാ ഖിലാഫത്തിനെ പരിചയപ്പെടുത്തുന്ന നോട്ടീസും ഹുസൂർ തിരുമനസ്സിന്റെ ഖുത്ബയിൽനിന്നുള്ള ഉദ്ധരണിയും ചേർത്ത് തയ്യാറാക്കിയ 'പ്രകൃതി ദുരന്തങ്ങൾ- ഒരു ദൈവിക മുന്നറിയിപ്പ്' എന്ന നോട്ടീസുമാണ് കൊച്ചി മജ്‌ലിസിന്റെ പരിധിയിൽ വരുന്ന കൽവത്തി, നെല്ല് കടവ്, തുരുത്തി, അധികാരിവളപ്പ്, പുതിയ റോഡ്, കുന്നുംപുറം തുടങ്ങിയ സ്ഥലങ്ങളിൽ വിതരണം ചെയ്തത്. എറണാകുളം, കൊച്ചി, കാക്കനാട്, പള്ളുരുത്തി ജമാഅത്തുകളിലെ ഖാദിമീങ്ങളെയും അൻസാറുകളെയും അഞ്ച് ഗ്രൂപ്പുകളായി തിരിച്ചാണ് തബ്‌ലീഗ് നടത്തിയത്. മുസ്‌ലിം ഭൂരിപക്ഷപ്രദേശമായ കൊച്ചിയിൽനിന്ന് പൊതുവെ നല്ല പ്രതികരണമാണ് ലഭിച്ചത്. മൗലവി മുഹമ്മദ് മൻസിൽ സാഹിബ് (കൊച്ചി), മൗലവി നാസിർ അഹ്മദ് സാഹിബ് (എറണാകുളം), മൗലവി നജ്മുദ്ദീൻ സാഹിബ് (പള്ളുരുത്തി) എന്നിവർ നേതൃത്വം നല്കി. മുപ്പതോളം പേർ പരിപാടിയിൽ പങ്കെടുത്തു.

# യാത്രയയപ്പ്

**പോർട്ട്ബ്ലയർ:** മൂന്നു വർഷത്തെ സേവനത്തിനു ശേഷം ബംഗാളിലേക്ക് സ്ഥലം മാറിപ്പോകുന്ന മുഅല്ലിം മൗലവി അനീസുർറഹ്മാൻ സാഹിബിന് പോർട്ട്ബ്ലയർ ജമാഅത്ത് യാത്രയയപ്പ് നല്കി. മുബല്ലിഗ് മൗലവി എച്ച്. ശംസുദ്ദീൻ കാവശ്ശേരി അധ്യക്ഷത വഹിച്ചു. ഗുലാം അഹ്മദ് സാഹിബ് പ്രസംഗിച്ചു. ജമാഅത്ത് വക ഉപഹാരം, പ്രസിഡണ്ട് മുനവ്വർ അഹ്മദ് സാഹിബ് സമ്മാനിച്ചു.

നവഅഹ്മദികളിൽനിന്ന് സേവന സന്നദ്ധനായി ജീവിതം ഉഴിഞ്ഞുവെച്ച അനീസുർറഹ്മാൻ സാഹിബിന്റെ സേവനം മാതൃകാപരമാണെന്ന് പ്രാസംഗികർ അഭിപ്രായപ്പെട്ടു. യോഗാവസാനം ചായസല്ക്കാരവും ഉണ്ടായിരുന്നു.

# സ്കോളർഷിപ്പ്



**ഐരാപുരം:** ഏഷ്യാ സ്കോളർഷിപ്പ് സംസ്ഥാന തലപരീക്ഷയിൽ അഹ്മദി വിദ്യാർത്ഥിനി അമത്തുസ്സലാം 3-ാം റാങ്ക് കരസ്ഥമാക്കി. വളയൻചിറങ്ങര ബെത്സാദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 1-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. സ്കൂൾ ജില്ലാതലങ്ങളിലെ മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. സ്കൂൾ അങ്കണത്തിൽ ചേർന്ന അനുമോദന യോഗത്തിൽ വച്ച് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം.പി. വർഗീസ് പ്രശസ്തിപത്രവും ഉപഹാരവും സമ്മാനിച്ചു. അൻസാറുല്ലാ എറണാകുളം മേഖലാ സഈം ജനാബ് ഷാഹുൽ ഹമീദ് സാഹിബാണ് പിതാവ്. മാതാവ് റാബിയത്ത് സാഹിബ ഐരാപുരം ലജ്നാ ഇമാഇല്ലാ സെക്രട്ടറിയും അംഗൻവാടി ടീച്ചറുമാണ്.

# യൗമേ വാലിദയ്ൻ യോഗം

**മാത്തോട്ടം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ രക്ഷാകർതൃദിനവും വിദ്യാഭ്യാസ ഗൈഡൻസ് ക്ലാസ്സും സംഘടിപ്പിച്ചു. മൗലവി ശരീഫ് അഹ്മദ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. ഖുർആൻ പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വഖ്ഫെ ആർസി പദ്ധതിയിൽ യുവാക്കൾ അംഗങ്ങളാകേണ്ടതിനെക്കുറിച്ചും ശരീഫ് സാഹിബ് യുവാക്കളെ ഉദ്ബോധിപ്പിച്ചു. രക്ഷാകർത്താക്കൾ കുട്ടികളുടെ ശിക്ഷണകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. പരിപാടിയിൽ ടൈം മാനേജ്മെന്റിനെപ്പറ്റി ജനാബ് ഈസക്കോയ സാഹിബ് ക്ലാസ്സെടുത്തു. ഖലീഫത്തുൽ മസീഹ് നല്കിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സമയം ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ഈസക്കോയ സാഹിബ് വിവരിച്ചു. ഉപദേശപ്രസംഗം നടത്തിയ മൗലവി സഫർ അഹ്മദ് സാഹിബ് തഖ്‌വയിലധിഷ്ഠിതമായ ജീവിതം നയിക്കാൻ മാതാപിതാക്കളോട് നിർദ്ദേശിച്ചു. മാതാപിതാക്കൾ തഖ്‌വയുള്ളവരാകുമ്പോഴാണ് കുട്ടികളും സന്മാർഗ്ഗത്തിലേക്ക് ചരിക്കുന്നത്. പരിപാടിയിൽ മാത്തോട്ടം ഖാഇദ് ബി.എം. ഷൗക്കത്തലി സാഹിബ് അധ്യക്ഷത വഹിച്ചു.

# അൽവസിയ്യത്ത് യോഗം

**മാത്തോട്ടം:** കേന്ദ്ര പ്രതിനിധികളായ നാസിർ ബയ്ത്തുൽമാൽ ഖർച്ച് ഡോ. ആരിഫ് സാഹിബും, ഹാഫിസ് മസ്ഹർ അഹ്മദ് താഹിറും മാത്തോട്ടം മജ്‌ലിസ് സന്ദർശിച്ചു. ഇവരുടെ സന്ദർശനാവസരത്തിൽ സംഘടിപ്പിച്ച അൽവസിയ്യത്ത് യോഗത്തിൽ മാത്തോട്ടം ഖാഇദ് ബി.എം. ഷൗക്കത്തലി സാഹിബ് ആധ്യക്ഷം വഹിച്ചു. സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് കേന്ദ്രപ്രതിനിധികൾ അൽവസിയ്യത്ത് പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. വസിയ്യത്ത് പദ്ധതി മസീഹ് മൗഊദിന് അല്ലാഹു അറിയിച്ച രണ്ട് കാര്യങ്ങളിൽ ഒന്നാണെന്ന് മസ്ഹർ അഹ്മദ് താഹിർ സാഹിബ് പറഞ്ഞു. ഹുസൂർ 2008-ൽ കേരളം സന്ദർശിച്ചേക്കാമെന്നും തദവസരത്തിൽ മലയാളികളായ അഹ്മദികൾ 50% പേരും വസിയ്യത്ത് വ്യവസ്ഥിതിയിൽ ചേരുന്നത് ഹുസൂറിനുള്ള ഉപഹാരമായി മാറുമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. യോഗത്തെ അഭിസംബോധന ചെയ്ത ഡോ. ആരിഫ് സാഹിബ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. യോഗത്തിൽ ജലീൽ അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. മുക്താർ അഹ്മദ് പദ്യം ആലപിച്ചു.

# മസീഹ് മൗഊദ് ദിനം

**കണ്ണൂർ:** കണ്ണൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനം ആഘോഷിച്ചു. കണ്ണൂർ അഹ്മദിയ്യാ പള്ളിയിൽവച്ച് നടന്ന യോഗത്തിൽ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. അഹ്മദിയ്യാ ഖിലാഫത്തിന്റെ തുടർച്ചതന്നെ മസീഹ് മൗഊദിന്റെ ദൗത്യത്തിന്റെ സത്യസാക്ഷ്യമാണെന്ന് അദ്ദേഹം പറഞ്ഞു. കണ്ണൂർ ജമാഅത്ത് പ്രസിഡണ്ട് ബി. അബ്ദുസ്സലാം സാഹിബ് യോഗത്തെ അഭിസംബോധന ചെയ്തു. നിഷാദ് അസീസ്, ഷെഹിൻഷാഫി, സജിൻ നിസാർ എന്നിവരും പ്രസംഗിച്ചു. കെ. അബ്ദുൽ അസീസ് അധ്യക്ഷനായിരുന്നു.

**പഴയങ്ങാടി:** അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനം കൊണ്ടാടി. ഇതോടനുബന്ധിച്ച് നടന്ന യോഗത്തിൽ പ്രൊഫ. എം. മുഹമ്മദ്, ഡോ. മുസഫർ എന്നിവർ പ്രസംഗിച്ചു. ജീവിതത്തിൽ സമയക്രമം പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് യോഗത്തിൽ പ്രൊഫ. എം. മുഹമ്മദ് സാഹിബ് ഊന്നിപ്പറഞ്ഞു. മൗലവി ടി.എം. മുഹമ്മദ് സാഹിബ് അധ്യക്ഷനായിരുന്നു.

**കൊടുങ്ങല്ലൂർ:** 23.3.08 മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനം കൊണ്ടാടി. യോഗത്തിൽ പ്രസിഡണ്ട് സൈനുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. പ്രാദേശിക സഈം മൊയ്തീൻകുട്ടി സാഹിബ്, ഷിനീർ സാഹിബ് എന്നിവർ പ്രസംഗിച്ചു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചുള്ള തർബിയ്യത്ത് ക്ലാസ് അതിനുശേഷം നടത്തുകയുണ്ടായി. ഇതിൽ മൗലവി മുഹമ്മദ് മൻസിൽ സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആയിനെ സദാഖത്ത് എന്ന കൃതിയെ ആസ്പദമാക്കി പ്രഭാഷണം നടത്തി. ഖിലാഫത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ നമ്മൾ ഖിലാഫത്തുമായി ഒരു സുദൃഢബന്ധം സ്ഥാപിക്കണമെന്ന് മൗലവി സാഹിബ് പറഞ്ഞു. അല്ലാഹുവിന് മുന്നിൽ വണങ്ങിക്കൊണ്ട് പ്രാർത്ഥനാ നിരതമായ ഹൃദയത്തോടെ പരസ്പരം ഐക്യത്തോടെയും സ്നേഹത്തോടെയും ഹുസൂറിനെ വരവേൽക്കാൻ തയ്യാറായിരിക്കേണ്ടതാണെന്ന് മൻസിൽ സാഹിബ് തുടർന്ന് പറഞ്ഞു.

# അനുമോദിച്ചു

**അലനെല്ലൂർ:** പാലക്കാട്- തൃശ്ശൂർ ജില്ലാ ഇജ്തിമായിൽ വിജയിച്ച് പ്രാദേശിക മജ്‌ലിസിൽനിന്നും ഉത്തര മേഖലാ ഇജ്തിമായിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബി. മൻഹറുദ്ദീൻ, കെ. ആതിഫ്, ഹഫീസുർറഹ്മാൻ, താരിഖ് അഹ്മദ് എന്നീ അത്ഫാലുകളെ ഖാഇദ് സി.എസ്. ഇല്യാസ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാൽ സംയുക്ത യോഗം അനുമോദിച്ചു. തഅ്ലീം സെക്രട്ടറി സി. സിറാജുൽമുനീർ പ്രസംഗിച്ചു. മാർച്ച് 23-ന് നടന്ന മസീഹ് മൗഊദ് ദിനയോഗത്തിൽ സഈം അൻസാറുല്ലാ വി.ടി. ബശീർ അഹ്മദ് സാഹിബ് മെഡലുകൾ നൽകി. ക്യാമ്പിലെ മികച്ച പ്രവർത്തനത്തിന് അത്ഫാൽ അംഗം പി. സജിൽ അഹ്മദിനും, ഖസീദ മനഃപാഠമാക്കിയതിന് സി. താരിഖ് അഹ്മദിനും, ഹഫീസുറഹ്മാൻ എന്നിവർക്ക് മൗലവി പി. യൂസുഫ് സാഹിബ് പാരിതോഷികങ്ങൾ നല്കി.

# വഖാറെ അമൽ

**കരുളായി:** 17.02.08-ന് ഞായറാഴ്ച രാവിലെ 7 മണിക്ക് ഖബർസ്ഥാനിൽ വഖാറെ അമൽ നടത്തി. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ- അത്ഫാലുൽ അഹ്മദിയ്യാ അംഗങ്ങൾ ശുചീകരണപ്രവർത്തനത്തിൽ പങ്കെടുത്തു.

# ഗവർമ്മെന്റ് ഹോസ്പിറ്റലിന് നെബുലയ്സർ ദാനവും 'വഖാറെ അമലും'



എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം. മുസ്തഫാ സാഹിബ് നെബുലയ്സർ ഡോ. ഉമ്മർ കോയക്ക് നല്കുന്നു. മലപ്പുറം മേഖലാ അമീർ മുഹമ്മദാലി മാസ്റ്റർ, മലപ്പുറം ജില്ലാ ഖായിദ് അബ്ദുൽ ഗനി സിദ്ദീഖ് സാഹിബ്, സദ്ഭാവന അവാർഡ് ജേതാവ് മദാരി മൊയ്തീൻ തുടങ്ങിയവർ സമീപം.

**എടവണ്ണ:** 9.3.08-ന് ഞായറാഴ്ച മലപ്പുറം ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംഭാവനയായി എടവണ്ണ പി.എച്ച്.സിയ്ക്ക് നെബുലയ്സർ ദാനം എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം. മുസ്തഫാ സാഹിബ് ഹോസ്പിറ്റലിലെ ഡോക്ടർ ഉമ്മർ കോയക്ക് നൽകി ഉദ്ഘാടനം ചെയ്തു. ഏത് സമയത്തും എന്ത് സഹായവും നൽകുന്നതിന് അഹ്മദിയ്യാ സംഘടനകൾ സന്നദ്ധരാണെന്നും അവരുടെ പ്രവർത്തനം എല്ലായ്പ്പോഴും ഈ നാടിന് മാതൃകയാണെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. എടവണ്ണ പി.എച്ച്.സിയിലെ ഡോക്ടർ ഉമ്മർ കോയ മുഖ്യാതിഥിയായിരുന്നു. ഈ ഹോസ്പിറ്റലിന് അഹ്മദി യുവാക്കളുടെ സേവനം എല്ലായ്പ്പോഴും ലഭിക്കാറുണ്ടെന്നും തുടർന്നും അവരുടെ സേവനം പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. മലപ്പുറം മേഖലാ അമീർ പി. മുഹമ്മദാലി മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് അഹ്മദിയ്യാ ജമാഅത്ത് നിരവധി കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അമീർ സാഹിബ് തുടർന്നു പറഞ്ഞു. എടവണ്ണ ഗ്രാമപഞ്ചായത്ത് മെമ്പർ പി.കെ. സൈനബ, മലപ്പുറം ജില്ലാ ഖായിദ് അബ്ദുൽ ഗനി സിദ്ദീഖ് സാഹിബ്, സദ്ഭാവന അവാർഡ് ജേതാവ് മദാരി മൊയ്തീൻ സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു. കെ. മുബാറക്ക് സാഹിബ് ഖുർആൻ പാരായണവും ജില്ലാ ഖിദ്മത്തെ ഖൽഖ് സെക്രട്ടറി സി.കെ. മൻസൂർ സ്വാഗതവും മൗലവി പി.നാസർ സാഹിബ് എച്ച്എ നന്ദിയും പറഞ്ഞു. മൗലവി സാഹിബിന്റെ ദുആയോടെ ചടങ്ങ് അവസാനിച്ചു. തുടർന്ന് ജില്ലാ ഖായിദ് സാഹിബിന്റെ നേതൃത്വത്തിൽ ഹോസ്പിറ്റൽ പരിസരം വൃത്തിയാക്കി. പത്തപ്പിരിയം, കരുളായി, മഞ്ചേരി തുടങ്ങിയ ജമാഅത്തുകളിൽനിന്നും 30 ഓളം ഖാദിം സഹോദരങ്ങൾ പങ്കെടുത്തു.

# ഖിലാഫത്ത് ജൂബിലി പ്രചാരണ പ്രഭാഷണങ്ങൾ

**മുറിയക്കണ്ണി:** ആസന്നമായിരിക്കുന്ന ഖിലാഫത്ത് ജൂബിലിയുടെ പ്രചാരണത്തിന്റെ ഭാഗമായി മുറിയക്കണ്ണി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ചുമാസത്തിൽ പന്ത്രണ്ട് കവലകളിൽ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

അസർ നമസ്കാരാനന്തരം കവലകളിൽ ഹാന്റ് മൈക്ക് ഉപയോഗിച്ച് ചെയ്ത ചിലവ് കുറഞ്ഞ ഈ പ്രചാരണരീതി ജനശ്രദ്ധയാകർഷിച്ചു. പല സ്ഥലങ്ങളിൽ നിന്നും വീണ്ടും വരണമെന്ന ക്ഷണവുമുണ്ടായി.

മൗലവി മുഹമ്മദ് യൂസഫ് സാഹിബ്, മൗലവി ഹിദായത്തുല്ലാ സഖാഫി എന്നിവർ പ്രഭാഷണങ്ങൾക്ക് നേതൃത്വം നല്കി. ജമാഅത്തിലെ വാഹനമുള്ള സഹോദരങ്ങൾ തങ്ങളുടെ വാഹനങ്ങൾ നല്കിയും പ്രവർത്തകരെ യോഗസ്ഥലങ്ങളിലെത്തിച്ചും പ്രചാരണപ്രവർത്തനങ്ങൾക്ക് ആവേശം പകരുന്നു.

അൻസാർ, ഖുദ്ദാം, അത്ഫാൽ സഹോദരങ്ങൾ ഇതിൽ സജീവമായി പങ്കെടുത്തുവരുന്നു.

# ആസ്ത്രേലിയൻ ജൽസ സമാപിച്ചു

**ആസ്ത്രേലിയ:** ആസ്ത്രേലിയൻ ജമാഅത്തിന്റെ 24-ാമത് വാർഷിക ജൽസ മാർച്ച് 21,22,23 തിയ്യതികളിൽ സിഡ്നി ബയ്ത്തുൽ ഹുദാ മസ്ജിദിൽവച്ച് നടന്നു. മാർച്ച് 21 വെള്ളിയാഴ്ച ജുമുഅ ഖുത്ബയ്ക്കു ശേഷം ആസ്ത്രേലിയൻ അമീർ ജനാബ് മഹ്മൂദ് അഹ്മദ് സാഹിബ് ജമാഅത്തിന്റെ പതാകയും മെൽബൺ ജമാഅത്ത് പ്രസിഡണ്ട് ജനാബ് സഫ്ദർ ജാവെദ് ചൗധരി സാഹിബ് ആസ്ത്രേലിയൻ ദേശീയപതാകയും ഉയർത്തിയതോടെ ജൽസ ആരംഭിച്ചു. വൈകുന്നേരം 3 മണിക്ക് ആസ്ത്രേലിയൻ ജമാഅത്ത് നായിബ് അമീർ ജനാബ് ഖാലിദ് സൈഫുല്ല യുടെ അധ്യക്ഷതയിൽ ഉദ്ഘാടനം നടന്നു. 'തിരുനബിയുടെ ജീവിതം' എന്ന വിഷയത്തെ അധികരിച്ച് ജനാബ് മുദസ്സിർ മഹ്മൂദ് സാഹിബും ഹദ്റത്ത് അബൂബക്കർ(റ)നെക്കുറിച്ച് മൗലാനാ മഹ്മൂദ് അഹ്മദ് സാഹിബും (അമീർ& മിഷണറി ഇൻചാർജ്ജ്), ഹദ്റത്ത് ഉമർ()നെക്കുറിച്ച് ജനാബ് ഖലീൽ ശെയ്ഖ് സാഹിബും പ്രസംഗങ്ങൾ നടത്തി. രണ്ടാം ദിവസം രാവിലെ ഹദ്റത്ത് ഉസ്മാൻ (റ)ന്റെ ജീവിതത്തെക്കുറിച്ച് ഡോ. ഒമർ ഷഹാബ്ഖാൻ സാഹിബും ഹദ്റത്ത് അലി (റ)യുടെ ജീവിതത്തെക്കുറിച്ച് ജനാബ് മുജീബുർ റഹ്മാൻ സനോരി സാഹിബ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. മൗലവി മഹ്മൂദ് അഹ്മദ് ബശീർ സാഹിബ് 'ഖിലാഫത്ത് ശതവാർഷിക ജൂബിലി', ജനാബ് റമസാൻ ശരീഫ് സാഹിബ് 'സക്കാത്ത്' എന്നീ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. ഉച്ചക്കുശേഷം ലജ്നസെഷൻ നടന്നു. ബയ്അത്തിന്റെ ആശയങ്ങൾ, ഖിലാഫത്ത് ശക്തിപ്പെടുത്തുന്നതിൽ മാതാക്കൾക്കുള്ള പങ്ക്, മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടേയും മാനുഷിക പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ പ്രസംഗങ്ങൾ നടന്നു. മൂന്നാംദിവസം രാവിലെ നടന്ന സെഷനിൽ സിക്ക്, ക്രിസ്തുമത പ്രതിനിധികൾ, ആസ്ത്രേലിയൻ റഡ്ക്രോസ്സ്, കൗൺസിൽ കൗൺസിലർമാർ തുടങ്ങിയ അതിഥികൾ പങ്കെടുത്തു. രണ്ട് എം.പിമാരുടെ സന്ദേശം വായിച്ചുകേൾപ്പിച്ചു. മാനുഷികമൂല്യങ്ങൾക്കുള്ള സംഭാവനകൾ, ഗ്ലോബൽ വാമിംഗും പരിസ്ഥിതി പ്രശ്നങ്ങളും, ഇസ്ലാമിലെ ഖിലാഫത്ത് വ്യവസ്ഥിതി എന്നീ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടന്നു. ഫൈനൽ സെഷനിൽ വാഗ്ദത്ത മസീഹിന്റെ ജീവിതം, വാഗ്ദത്ത മസീഹ് ഇസ്ലാമിന്റെ പരിഷ്കർത്താവ്, വാഗ്ദത്ത മസീഹിന് നബി തിരുമേനിയോടുള്ള സ്നേഹം എന്നീ വിഷയങ്ങളിൽ പ്രസംഗങ്ങൾ നടന്നു.

# റബ്വ: രക്തസാക്ഷികളുടെ നഗരം

*അൽഹഖ് ന്യൂസ് ഡസ്ക് (തുടർച്ച)*

ദൗത്യസംഘം പാക്കിസ്ഥാനിലെത്തുന്നതിന് മുന്നേ തന്നെ ഖത്വ്മുനുബുവ്വത്ത് എന്ന സംഘടന അഹ്മദിയ്യാ ജമാഅത്തിനെ നിരോധിക്കണമെന്നാവശ്യപ്പെട്ടതായി അറിഞ്ഞിരുന്നു. മാത്രവുമല്ല അഹ്മദികളെ കൊല്ലണമെന്നും ഇവർ ആവശ്യപ്പെട്ടു. പിന്നീട് പാക്കിസ്ഥാനിലെ അഹ്മദിയ്യാ പ്രതിനിധികളുമായി സംഘം സംഭാഷണം നടത്തിയപ്പോൾ റബ്വയിൽ അഹ്മദികളുടെ ജീവനും സ്വത്തിനുമെതിരെ നടത്തുന്ന അക്രമങ്ങൾക്ക് പിറകിൽ ഖത്വ്മുനുബുവ്വത്താണെന്ന് പറയുകയുണ്ടായി.

ആനംസ്റ്റി ഇന്റർനാഷണലിന്റെ പാക്ക് പ്രസിഡണ്ട് ഫൈസുർ റഹ്മാൻ ഇക്കാര്യം കമ്മീഷനെ അറിയിച്ചിട്ടുണ്ട്. റബ്വയിലെ അഹ്മദികളുടെ ലൈബ്രറി തച്ചുടയ്ക്കുകയോ, അഹ്മദികളെ പിടിച്ച് പോലീസിലേൽപ്പിക്കുകയോ ചെയ്യാതെ ഖത്മെനുബുവ്വത്തുകാർക്ക് സമാധാനമില്ല. അഹ്മദികൾ ഉൾപ്പെടുന്ന കേസുകളിൽ ജഡ്ജിമാരെ നേരിട്ട് വിളിച്ച് ഭീഷണിപ്പെടുത്തിയ ചരിത്രം പോലും ഈ സംഘടനയ്ക്കുണ്ടെന്ന് ഫൈസുർ റഹ്മാൻ സംഘത്തിന് വിശദീകരിച്ചുകൊടുത്തു. ഖത്വ്മുനുബുവ്വത്തിന് പാക്കിസ്ഥാനിലെ മുഖ്യധാരാ പാർട്ടികളുമായി അടുത്ത ബന്ധമുണ്ടെന്ന് പാക്കിസ്ഥാനിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഖത്വ്മുനുബുവ്വത്ത് 2006-ൽ സംഘടിപ്പിച്ച ഒരു ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തത് പഞ്ചാബ് മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ഹാഫിസ് താഹിർ മുഹമ്മദ് അഷ്റഫ് ആയിരുന്നുവെന്നത് ഇക്കാര്യത്തെ ബലപ്പെടുത്തുന്നു.

പിന്നീട് ഖത്വ്മുനുബുവ്വത്തിന്റെ പ്രതിനിധികളെയും ദൗത്യസംഘം അഭിമുഖീകരിച്ചു. ഈ കൂടിക്കാഴ്ചയിൽ ഖത്വ്മുനുബുവ്വത്തുകാർ അവകാശപ്പെട്ടത് മുഹമ്മദ് നബി(സ) മാത്രമേ അന്ത്യപ്രവാചകനായി ഉള്ളൂവെന്നും മുഹമ്മദിന്റെ അന്ത്യപ്രവാചകത്വത്തിനെതിരെ ആര് വാദിച്ചാലും അത് കുറ്റകൃത്യമാണ്. എല്ലാ മനുഷ്യരേയും ബഹുമാനിക്കുന്ന തങ്ങൾക്ക് അഹ്മദികളോടും മനുഷ്യർ എന്ന നിലയിൽ ആദരവുണ്ടെന്ന് ഇവർ പറഞ്ഞു. ഇസ്ലാമാബാദിലെ ഖത്വ്മുനുബുവ്വത്തിന്റെ തലവൻ മുല്ലാ അർഷദ്, മുഹമ്മദ്(സ) അന്ത്യപ്രവാചകനല്ലായെന്ന് വാദിക്കുന്നവർക്കെതിരെ പ്രവർത്തിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് സംഘത്തോട് പറഞ്ഞു. മാത്രമല്ല 1974-ൽ റബ്വ റെയിൽവേ സ്റ്റേഷനിൽ അഹ്മദികൾ മുസ്ലിംകളെ ആക്രമിച്ചത് മുതലാണ് തങ്ങൾ അഹ്മദികളെ എതിർക്കുന്നതെന്ന് മുല്ല പറഞ്ഞു. അഹ്മദികൾ അന്നും ഇന്നും ഭീകരവാദികളാണെന്നും ഖത്വ്മുനുബുവ്വത്ത് പ്രതിനിധികൾ കമ്മീഷൻ മുമ്പാകെ പ്രഖ്യാപിച്ചു.

റബ്വയിലെ ഖത്വ്മുനുബുവ്വത്ത് പള്ളിയിൽവച്ച് കണ്ടുമുട്ടിയ റബ്നവാസ് എന്നയാൾ കമ്മീഷനോട് സംസാരിച്ചു. ഇദ്ദേഹം പറയുന്നതനുസരിച്ചാണെങ്കിൽ മുസ്ലിംകളെ വിഭജിക്കാനായി ബ്രിട്ടീഷുകാർ സൃഷ്ടിച്ചതാണ് അഹ്മദിയ്യത്ത്. അഹ്മദ്(അ)നെ പ്രവാചകനായി അംഗീകരിക്കേണ്ടത് ബ്രിട്ടീഷ് സർക്കാരിന്റെ രാഷ്ട്രീയ ആവശ്യമായിരുന്നു. ഇപ്പോഴും അഹ്മദികൾക്ക് ബ്രിട്ടീഷ് സഹായമുണ്ടെന്ന് റബ്നവാസ് ദൗത്യസംഘത്തോട് പറഞ്ഞു. അഹ്മദികൾ പാക്കിസ്ഥാനിലെ അധികാരത്തിന്റെ 20% മുതൽ 30% വരെ കൈകാര്യം ചെയ്യുന്നുണ്ടെന്നും ഇദ്ദേഹം പറ

(5-ാം പേജിൽ)

# ഖിലാഫത്ത് ജൂബിലി മസീഹ് മൗഊദ് ദിനയോഗം നടത്തി



**അലനെല്ലൂർ, 23.3.08:** ഖിലാഫത്ത് ജൂബിലി പരിപാടിയുടെ ഭാഗമായി കേന്ദ്രനിർദ്ദേശപ്രകാരം പ്രാദേശിക ജമാഅത്തിന്റെ സഹകരണത്തോടെ മജ്ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ മാർച്ച് 23 ഞായറാഴ്ച അഹ്മദിയ്യാ മസ്ജിദിൽ മഗ്രിബിന് ശേഷം മസീഹ് മൗഊദ് ദിനയോഗം നടത്തി.

യോഗത്തിൽ മൗലവി പി. യൂസുഫ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. വാഗ്ദത്ത മസീഹ് മുഖേന സ്ഥാപിതമായ ഈ മോക്ഷാർഹമായ ജമാഅത്തിലെ യഥാർത്ഥ അംഗങ്ങളായി നാം മാറണമെങ്കിൽ ബയ്അത്തിന്റെ നിബന്ധനകൾക്കനുസരിച്ച് പരിശുദ്ധ ജീവിതം നയിക്കുകയും പിശാചിന്റെ വലയിൽ വീഴാതെ ദിനീപ്രവർത്തനത്തിൽ വ്യാപൃതരാവുകയും ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു.

യോഗാരംഭത്തിൽ സി. സിറാജുൽ മുനീർ ഖുർആൻ പാരായണം നടത്തി. ബി. മൻഹറുദ്ദീൻ മലയാള പദ്യം ചൊല്ലി. ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാൽ പാലക്കാട്- തൃശ്ശൂർ ജില്ലാ വിജയികൾക്കും അൻസാറുല്ല സഈം വി.ടി. ബശീർ അഹ്മദ് സാഹിബും, ഖസീദ മനഃപാഠമാക്കിയ അത്ഫാലുകൾക്ക് മൗലവി പി. യൂസുഫ് സാഹിബും സമ്മാനങ്ങൾ നൽകി. യോഗത്തിനുശേഷം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മിഠായി വിതരണം ചെയ്തു. മൗലവി പി. യൂസുഫ് സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ദുആയോടുകൂടി പരിപാടികൾ സമംഗളം സമാപിച്ചു. മനോരമ, മാതൃഭൂമി പത്രങ്ങളിൽ യോഗത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ജമാഅത്ത് പ്രസിഡണ്ട് ബശീർ അഹ്മദ് സാഹിബ് നന്ദി പറഞ്ഞു. മൗലവി ഖമറുദ്ദീൻ സാഹിബ് സംസാരിച്ചു.

## പുനരുദ്ധാരണം

*ബശീർ പി. കൊച്ചുണ്ണി, ഐരാപുരം*

മനസ്സ് വെട്ടിത്തെളിക്കട്ടെ ഞാൻ
ആത്മാവിന് തടമെടുത്തു വളമിടട്ടെ
ദ്രവിച്ചടർന്ന ചുറ്റുമതിലടച്ചു കെട്ടട്ടെ
ഇനി വേരുറയ്ക്കുംവരെ
കൊടുങ്കാറ്റടിക്കാതിരുന്നെങ്കിൽ
മൂഷികനും ചിതലും ഈ വഴി
വരാതിരുന്നെങ്കിൽ

അൽ ഹഖ്
AHMADIYYA NEWS BULLETTIN
മാർച്ച് 2008 റബിഉൽഅവ്വൽ-റബിഉൽആഖിർ

## അവധിക്കാലത്തിന് ശ്രദ്ധാപൂർവ്വം

മധ്യവേനൽ അവധിക്കാലം ആരംഭിക്കുകയാണ്. ഭൗതികത കത്തിനിൽക്കുന്ന ഒരു ജനതയ്ക്ക് അവധിക്കാലങ്ങൾ പ്രിയപ്പെട്ടതാണ്. തീർത്തും, ആയാസരഹിതമായ ഒരു ഉല്ലാസകാലമായി ലോകം അവധിയെ ആഘോഷിക്കുന്നു. ജീവിച്ചു പോകാനുള്ള ലോകത്തിന്റെ തീവ്രമായ വേഗവും, വൈരസ്യവും അല്പകാലത്തേക്കെങ്കിലും മറക്കാനുള്ള വിശ്രമവേളയായാണ് പൊതുവെ ആളുകൾ എല്ലാ അവധിക്കാലങ്ങളേയും കരുതുന്നത്.

വിദ്യാർത്ഥികൾക്ക് മധ്യവേനലിന്റെ കാര്യത്തിൽ വലിയ പ്രത്യേകതകളുണ്ട്. അവരുടെ വിദ്യാഭ്യാസജീവിതത്തിന്റെ ഒരിതൾ കൊഴിയുന്നത് ഈ അവധിയോടെയാണ്. മിക്കവരുടെയും കുട്ടിക്കാലം ഗൃഹാതുരമായ ഒരു ഓർമ്മയാകുന്നത് വിദ്യാലയങ്ങളുടെ, കലാലയങ്ങളുടെ വൈരസ്യത്തിൽനിന്ന് കളികളുടെ അവധിക്കാലം സജീവമാകുമ്പോഴാണ്. എന്നാൽ, നൊമ്പരപ്പെടുത്തുന്ന ഗൃഹാതുരസ്മൃതികൾ മനുഷ്യനെ പലപ്പോഴും ചിന്തിപ്പിക്കാറുള്ളത് വെറുതെ കളഞ്ഞ സമയത്തിന്റെ അനന്തസാധ്യതകളെകുറിച്ചാണ്. സജീവമായ കളികളും, ആഹ്ലാദത്തിമിർപ്പുകളും മനുഷ്യന് അവശ്യം വേണ്ടതുതന്നെ. എന്നാൽ, അതോടൊപ്പം ഓർത്തിരിക്കേണ്ടത് സമയനഷ്ടം കൂടാതെ എങ്ങനെ ജീവിതത്തെ ക്രമപ്പെടുത്താം എന്നതാണ്.

സമയത്തിന്റെ വൈരുദ്ധ്യം അതിന്റെ തിരിച്ചറിയപ്പെടാതെ കടന്നുപോകുന്ന ചേതനയാണ്. പിന്നീട് തിരിഞ്ഞുനോക്കുമ്പോൾ നഷ്ടബോധം തോന്നുന്ന വൈചിത്ര്യം ഇവിടെ കാണാം. ഇതൊരു പ്രകൃതി നിയമമാണ്. അപ്പോൾ അവധിക്കാലമുൾപ്പെടെ മുഴുവൻ സമയവും സാർത്ഥകമായി വിനിയോഗിക്കേണ്ടത് മാനുഷികമായ ധർമ്മങ്ങളിലൊന്നാകുന്നു. എല്ലായ്പ്പോഴും ക്രിയാത്മകമാക്കിത്തീർക്കുന്നത് വലിയ ഭാഗ്യമാണ്. സമയക്രമീകരണം ഇങ്ങനെയൊരു ഭാഗ്യത്തിന്റെ ദാതാവാണ്.

അഹ്മദിയ്യാ യുവത അതിന്റെ അവധിക്കാലത്തെ ഇത്തരത്തിൽ സക്രിയമായി വീക്ഷിക്കേണ്ടതുണ്ട്. ഉദാത്തവും അനുവദനീയവുമായ വേദികളിൽ ഉല്ലാസം അനുഭവിക്കുമ്പോഴും ജമാഅത്തുമായി ദൃഢമായി ബന്ധം പുലർത്തുന്നതിനാണ് ഊന്നൽ നൽകേണ്ടത്. എല്ലാതരത്തിലുമുള്ള സാമൂഹികബന്ധങ്ങൾക്കും മാനസികമായി തയ്യാറാകണം. പക്ഷേ, അവയിലെ നന്മ-തിന്മകൾ അരിച്ചെടുക്കാനുള്ള വികാസം ജീവിതത്തിനുണ്ടാകേണ്ടതുണ്ട്. ഇത്തരമൊരു വികാസം, സുതാര്യമായ വിശ്വാസത്തിന്റെ സൃഷ്ടിയാണ്. ഭൗതികതയെ അവശ്യം ഉൾക്കൊള്ളുന്നത് അംഗീകരിക്കപ്പെട്ടതും, സ്വീകാര്യമായതുമാണ്. എന്നാൽ, ആത്മീയ സ്വത്വം മറന്നുപോകുന്നത് വലിയ വിപത്തുകൾക്ക് കാരണമായേക്കും.

ചുരുക്കത്തിൽ അവധിക്കാലത്തെ സജീവമാക്കേണ്ടുന്ന അഹ്മദി യുവാക്കളും കുട്ടികളും ഉല്ലാസത്തിന്റെ പരിധികളെക്കുറിച്ച് ചിന്തിക്കുക. സൃഷ്ടിപരമായ സാഹചര്യങ്ങൾ കൂടുതലായി സ്വായത്തമാക്കുക. ഇതിനുള്ള വഴിയാണ് ജമാഅത്തും അതിന്റെ വേദികളും. അവധിയുടെ യഥാർത്ഥ പ്രകാശം പൂർണ്ണതയിലെത്തുന്നത് ഈ അവസരങ്ങളെ മുഴുവനായും പ്രയോജനപ്പെടുത്തുമ്പോഴാണ്. ശ്രദ്ധ മാറുന്ന അവസരങ്ങളിൽ വഴി നഷ്ടപ്പെടുന്ന നേരത്ത് നമ്മെയൊക്കെ നേർവഴിയിലെത്തിക്കാൻ ഈ ദൈവിക പ്രസ്ഥാനമല്ലാതെ മറ്റെന്താണ് ആശ്രയം?

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ- അത്ഫാൽ പാലക്കാട് -തൃശ്ശൂർ ഇജ്തിമ

**അലനെല്ലൂർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ഇജ്തിമ ജില്ലാ ഖാഇദ് കെ. ഉണ്ണീൻ സാഹിബിന്റെ അധ്യക്ഷതയിൽ പാലക്കാട് മേഖലാ അമീർ പ്രൊഫസർ അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. കണ്ണുമടച്ച് അനുസരിക്കാൻ പറ്റുന്ന ഒരേയൊരു സംവിധാനം ഖിലാഫത്താണെന്ന് പ്രൊഫസർ അബ്ദുൽ കരീം സാഹിബ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഖാദിം അത്ഫാൽ സഹോദരങ്ങൾ ഖിലാഫത്തിനെ നിഷ്കളങ്കമായും പൂർണ്ണമായും അനുസരിക്കണമെന്നും, വിശുദ്ധഖുർആനിലെ എഴുന്നൂറോളം കല്പനകളുടെ സംക്ഷിപ്തരൂപമായ ബയ്അത്തിന്റെ നിബന്ധനകൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തണമെന്നും അമീർ സാഹിബ് പറഞ്ഞു. ബയ്അത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ജീവിക്കാത്തതാണ് സകലപ്രശ്നങ്ങൾക്കും കാരണമെന്നും ഈ ഖിലാഫത്ത് ജൂബിലി വർഷത്തിൽ അതിന്നായി നാം തയ്യാറെടുക്കണമെന്നും അമീർ സാഹിബ് തുടർന്നുപറഞ്ഞു. വിദ്യാർത്ഥികൾ പഠനകാര്യത്തിൽ ഹുസൂർ നിർദ്ദേശിക്കുന്ന രൂപത്തിൽ നല്ല മാർക്കോടെ പാസ്സാവാൻ തീവ്രശ്രമം നടത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു.





ജില്ലാ ഖാഇദ് കെ. ഉണ്ണീൻ സാഹിബ് ചെയ്ത അധ്യക്ഷപ്രസംഗത്തിൽ, നമ്മുടെ പൂർവ്വപിതാക്കൾ സഹിച്ച ത്യാഗത്തിന്റെ ഫലമായിട്ടാണ് അഹ്മദിയ്യത്താകുന്ന അനുഗ്രഹം നമുക്ക് ലഭിച്ചിട്ടുള്ളതെന്നും, അവരുടെ ത്യാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ വഴിയിൽ വരുന്ന ത്യാഗങ്ങളും പരീക്ഷണങ്ങളും നിസ്സാരമാണെന്നും പറഞ്ഞു.

പ്രാദേശിക ജമാഅത്ത് പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ് ആശംസാ പ്രസംഗം നടത്തി. ലോകം ഉണ്ടായതു മുതൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത ഏറ്റവും വലിയ അനുഗ്രഹമാണ് ഖിലാഫത്ത് ജൂബിലി ആഘോഷിക്കുമ്പോൾ നമുക്ക് ലഭിക്കുന്നതെന്നും, ഈ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ നാം കൂടുതലായി ഉപാസന നടത്തുകയും സ്വയം പരിശുദ്ധരായിത്തീരാൻ പരിശ്രമിക്കുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാ നാസിം തഅ്ലീം സി. സിറാജുൽ മുനീർ സാഹിബിന്റെ തിലാവത്തോടെയാണ് ഉദ്ഘാടന സമ്മേളനം ആരംഭിച്ചത്. പ്രാദേശിക ഖാഇദ് ഇ.എസ്. ഇല്യാസ് അഹ്മദ് സാഹിബ് സ്വാഗതമാശംസിച്ചു. ജില്ലാ ഖാഇദ് കെ. ഉണ്ണീൻ സാഹിബ് സത്യപ്രതിജ്ഞ ചൊല്ലിക്കേൾപ്പിച്ചു. ബശീറുദ്ദീൻ ശംസ് മുറിയക്കണ്ണി ഉർദു പദ്യം ചൊല്ലി. 10 മണിക്ക് നടന്ന ഉദ്ഘാടന സമ്മേളനത്തിനുശേഷം മൗലവി അമീറുദ്ദീൻ സാഹിബ് എച്ച്.എ ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ഖലീഫ എന്ന വാക്കിന്റെ അർത്ഥം പ്രതിനിധി എന്നാണെന്നും ഖിലാഫത്തില്ലാതെ ഒരു ദിവസംപോലും നമുക്ക് ജീവിക്കാൻ സാധിക്കുകയില്ലെന്നും, ഏറ്റവും വലിയ മഹനീയ അനുഗ്രഹമായ ഖിലാഫത്തിനെ നാം പൂർണ്ണമായി അനുസരിക്കണമെന്നും നമ്മുടെ എല്ലാ ഇബാദത്തുകളും പൂർണ്ണമാകുന്നത് ഖിലാഫത്തിലൂടെയാണെന്നും അമീറുദ്ദീൻ സാഹിബ് അഭിപ്രായപ്പെട്ടു. തുടർന്ന് അത്ഫാലിനും ഖുദ്ദാമിനും രണ്ട് ഹാളുകളിലായി വൈജ്ഞാനിക മത്സരങ്ങൾ സംഘടിപ്പിച്ചു. ജില്ലാ നാസിം മാൽ മുസഫ്ഫർ അഹ്മദ് സാഹിബ്, മുറിയക്കണ്ണി ഖാഇദ് കെ. നൂറുദ്ദീൻ സാഹിബ് എന്നിവർ മത്സരങ്ങൾ നിയന്ത്രിച്ചു. സിറാജുൻ മുനീർ, ഹാരിസ് കൊടുവായൂർ, മൗലവി പി. യൂസുഫ് സാഹിബ്, മൗലവി ഖമറുദ്ദീൻ, മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി, മൗലവി ഗുലാം അഹ്മദ് എന്നിവർ വിധികർത്താക്കളായിരുന്നു. ഉച്ചക്ക് നമസ്കാരത്തിനും ഭക്ഷണത്തിനും ശേഷം സമാപനയോഗത്തിൽ ജില്ലാ ഖാഇദ് കെ. ഉണ്ണീൻ സമ്മാനദാനം നടത്തി. ജില്ലാ നാസിം അത്ഫാൽ ലുഖ്മാൻ സാഹിബ് കാവശ്ശേരി നന്ദി പ്രകാശിപ്പിച്ചു. മൗലവി പി. യൂസുഫ് സാഹിബിന്റെ നേതൃത്വത്തിൽ ദുആയോടെ ഇജ്ത്തിമ സമാപിച്ചു.

# മസീഹ് മൗഊദ് ദിനം

**മുറിയക്കണ്ണി:** മാർച്ച് 23-ാം തിയ്യതി മഗ്‌രിബ് നമസ്ക്കാരാനന്തരം മസ്ജിദിൽ മസീഹ് മൗഊദ് ദിനയോഗം സംഘടിപ്പിക്കുകയുണ്ടായി. തഅ്ലീം സെക്രട്ടറി ജനാബ് കെ. അയമ്മു മാസ്റ്ററുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കെ. മുബീൻ അഹ്മദ് ഖുർആൻ പാരായണം നടത്തി. കെ. ബശീറുദ്ദീൻശംസ് ഉർദു പദ്യം ആലപിച്ചു. അധ്യക്ഷന്റെ ആമുഖപ്രസംഗത്തിന് ശേഷം, മസീഹ് മൗഊദ് ദിന സന്ദേശം എന്ന വിഷയത്തെക്കുറിച്ച് മൗലവി ഹിദായത്തുല്ലാ സഖാഫി ക്ലാസ്സെടുക്കുകയുണ്ടായി.

സുറയ്യാ നക്ഷത്രംവരെ ഉയർന്നുപോയ സത്യവിശ്വാസത്തെ തിരികെകൊണ്ടുവരുന്നതിനും ഭിന്നിപ്പിലും കലഹങ്ങളിലും അകപ്പെട്ടവർക്ക് നീതിമാനായ വിധികർത്താവാണ് മസീഹ് മൗഊദ്(അ). അക്രമവും അനീതിയും നടമാടിയിരിക്കുന്ന ഇക്കാലത്ത് നീതിയും ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുന്നതിന് അല്ലാഹു നിയോഗിച്ച വന്ദ്യഗുരുവാണ് ഹദ്റത്ത് അഹ്മദ്(അ).

എല്ലാ മതക്കാരും പ്രതീക്ഷിച്ചിരിക്കുന്ന ആ പരിശുദ്ധാത്മാവിനെ തിരിച്ചറിയാനും വിശ്വസിക്കാനും അവസരം ലഭിച്ച നമ്മൾ ഭൂലോകത്തുള്ളവരിൽ ഏറ്റവും സൗഭാഗ്യരാണെന്നും സഖാഫി സാഹിബ് പറഞ്ഞു.

### അറിയിപ്പ്

അൽഹഖിലേക്കുള്ള ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ തുടങ്ങിയവ യഥാസമയത്ത് തന്നെ അയച്ചുതരാൻ അപേക്ഷ.

അയക്കേണ്ട വിലാസം:

എഡിറ്റർ,
അൽഹഖ്,
C/o. അഹ്മദിയ്യാ മുസ്‌ലിം കോംപ്ലക്സ്,
ഫോർട്ട് റോഡ്,
കണ്ണൂർ - 1

# അത്ഫാൽ ക്യാമ്പ്

ഉത്തരമേഖലാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ അത്ഫാലുകൾക്കായി മദ്ധ്യവേനൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 12, 13 തിയ്യതികളിലായി കൽക്കുളത്ത് നടക്കുന്ന ക്യാമ്പ് മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. കുട്ടികളുടെ ആത്മീയവും ഭൗതികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള നൂതന പരിപാടികളും ക്ലാസ്സുകളും കേമ്പിൽ ഉണ്ടായിരിക്കുന്നതാണ്. അഖിലേന്ത്യാ നായിബ് സദ്ർ ഡോക്ടർ സലാഹുദ്ദീൻ ഉത്തരമേഖല ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് തുടങ്ങിയവർ ക്യാമ്പിൽ പങ്കെടുക്കുന്നു. മുഴുവൻ അത്ഫാലുകളേയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കണമെന്ന് ഉത്തരമേഖലാ ഖുദ്ദാമുൽ അഹ്മദിയ്യാ അറിയിച്ചു.

# യു.എസ്. സൈന്യ മരണ നിരക്ക് ഉയരുന്നു

**ബാഗ്ദാദ്:** ഇറാഖിലെ വധിക്കപ്പെട്ട യു.എസ്. സൈനികരുടെ എണ്ണം 4000 കവിഞ്ഞു. 2008 മാർച്ചിൽ നടന്ന തുൾപ്പെടെയാണ് ഈ കണക്ക്. ഇക്കഴിഞ്ഞ വർഷം, 2007-ൽ ആണ് അമേരിക്കയ്ക്ക് ഏറ്റവും കൂടുതൽ ആൾ നാശമുണ്ടായത്. 901 അമേരിക്കൻ ഭടന്മാർ 2007-ൽ വധിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും അമേരിക്കൻ അവകാശവാദങ്ങൾക്ക് വിരുദ്ധമായി മരണസംഖ്യ ഉയരുകയാണ്. അമേരിക്കൻ ഭടന്മാരുടേത് മാത്രമല്ല ഇറാഖിലെ സാധാരണക്കാരുടെ മരണസംഖ്യയും ഭീകരമായ രീതിയിൽ തന്നെ ഉയരുകയാണിപ്പോൾ. ബുഷ് ഭരണകൂടത്തിന്റെ നിസംഗത കൂടുതൽ വിവാദങ്ങൾക്ക് ഇട നൽകുകയാണ് അമേരിക്കയിൽ.

*ചരിത്രപഥം*

# പോയകാല പ്രസിദ്ധീകരണ വിപ്ലവം

കേരള അഹ്മദിയ്യാ ചരിത്രത്തിൽ പ്രസിദ്ധീകരണരംഗത്ത് അഭിമാനാർഹമായ സംഭാവനകളർപ്പിച്ചിരുന്ന പല വ്യക്തികളുമുണ്ട്. ആ കൂട്ടത്തിൽ ആദ്യമായി ആവേശത്തോടെ രംഗത്തിറങ്ങിയ മഹാരഥനാണ് കണ്ണൂരിലെ കുട്ടമാപ്പിളകത്ത് ഇബ്റാഹീംകുഞ്ഞി സാഹിബ്.

1911-ൽ അദ്ദേഹം രചിച്ച 'തുഹ്ഫത്തുൽമലബാർ' എന്ന അറബിമലയാളഗ്രന്ഥം കേരള അഹ്മദികളുടെ ഒന്നാമത്തെ പ്രസിദ്ധീകരണമാണ്. അമ്പിലാന്റകത്ത് മുഹമ്മദുകുഞ്ഞിസാഹിബ് എന്ന പ്രഗത്ഭനായ അഹ്മദിയായിരുന്നു അതിന്റെ പ്രസാധകൻ. ഒരുപാടാളുകളെ അഹ്മദിയ്യത്തിലേക്ക് ആകർഷിക്കാൻ ഈ ഗ്രന്ഥത്തിന് കഴിഞ്ഞു.

1923-ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ അഹ്മദിയ്യാ ഗ്രന്ഥത്തിന്റെയും കർത്താവ് കെ.എം. ഇബ്റാഹീംകുഞ്ഞി സാഹിബുതന്നെ. 'മതാന്ധകാരസംഹാരി അഥവാ മതപരിഷ്കാര ഉപകാരി' എന്ന നീണ്ട പേരോടെ ഇറങ്ങിയ ഈ ബൃഹദ്ഗ്രന്ഥം, ഒരു ക്ഷുദ്രനോട്ടീസിനുള്ള വിശദമായ മറുപടിയായിരുന്നു. കെ.എം. ഇബ്റാഹീംകുഞ്ഞിസാഹിബിന്റെ മറ്റൊരു രചനയാണ് സത്യനാദം. ഒരു വിപക്ഷന്റെ എതിർപരസ്യത്തിനുള്ള മറുപടിയായി എഴുതിയ ഈ പുസ്തകം 1924-ലാണ് പ്രസിദ്ധീകരിച്ചത്.

മറ്റൊരു മികച്ച സാഹിത്യകാരനായിരുന്നു കണ്ണൂരിലെ കളത്തിൽ അബ്ദുൽഖാദിർ കോയ സാഹിബ്. സാഹിത്യസൃഷ്ടികൾക്കായുള്ള ഒരു പണിപ്പുര സജ്ജമാക്കുന്നതിൽ വ്യാപൃതനായിരുന്ന ആ വിദ്വൽശിരോമണി അകാലചരമം പ്രാപിക്കുകയാണുണ്ടായത്.

'മലബാർ അഹ്മദിയ്യാ സംഘം' പ്രസാധകത്വം ഏറ്റെടുത്തുകൊണ്ട് ചെറുതും വലുതുമായ അനേകം പുസ്തകങ്ങൾ പ്രസിദ്ധീകൃതമായി. ഈ സംഘത്തിന്റെ പ്രസിഡണ്ട് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എയും, ജനറൽ സിക്രട്ടറി എം. അഹ്മദ് സാഹിബുമായിരുന്നു. 1926 മുതൽ സത്യദൂതൻ പ്രസിദ്ധീകരിച്ചത് മലബാർ അഹ്മദിയ്യാ സംഘമാണ്. ഈ സംഘത്തിന്റെ മറ്റൊരു മികച്ച സംഭാവനയാണ് 'അന്നുബുവ്വത്തു ഫിൽഇസ്‌ലാം'. അഹ്മദിയ്യാ ജമാഅത്തിനെ തൂലികാബലംകൊണ്ട് തുരത്തിക്കളയാമെന്നുദ്ധരിച്ച ഉൽപതിഷ്ണു നേതാവായ കണ്ണൂരിലെ പി. അബ്ദുൽ ഖാദിർ മൗലവിയുടെ 'ഖത്ത്വമുന്നുബുവ്വത്ത്' എന്ന പുസ്തകത്തിന് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ എഴുതിയ അതിഗംഭീരമായ പ്രത്യാഖ്യാനമാണ് ഈ ബൃഹദ്ഗ്രന്ഥം.

1925-നു മുമ്പേതന്നെ കേരളത്തിലെ അഹ്മദികൾ സാഹിത്യരചനയിൽ മികവ് തെളിയിച്ചിട്ടുണ്ട്. ആ കാലത്തെ അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങളായ മതാന്ധകാരസംഹാരി, യേശുക്രിസ്തുവിന്റെ പുനരാഗമനം, സത്യനാദം, ആകാശഗതാഗതം, ഇക്കാലത്തിൻ ഇമാം തുടങ്ങിയ കൃതികൾ ഇതിന് തെളിവാണ്.

തൂലികകൊണ്ട് അഹ്മദിയ്യത്തിന്റെ ദിവ്യവെളിച്ചം ജ്വലിപ്പിച്ച ഒരു ത്യാഗധനനായിരുന്നു എൻ. ഹാമിദ് സാഹിബ്. അദ്ദേഹം കൈരളിക്ക് സംഭാവന ചെയ്ത വിവർത്തനപ്രഥമമായ 'ഇസ്‌ലാംമത തത്ത്വജ്ഞാനം' എന്ന മഹദ്ഗ്രന്ഥം മലയാളഭാഷാസാഹിത്യത്തിനുതന്നെ ഒരു മുതൽക്കൂട്ടാണ്.

പ്രമുഖ അഹ്മദി എച്ച്. ഹുസൈൻ സാഹിബും മതസാഹിത്യരംഗത്ത് മികച്ച സംഭാവനകളാണർപ്പിച്ചത്. സത്യദൂതന്റെ ഒന്നാമത്തെ പത്രാധിപസ്ഥാനം അലങ്കരിച്ച അദ്ദേഹം കാവ്യരചനയിലൂടെ കേരള അഹ്മദിയ്യാ ചരിത്രത്തിൽ പ്രശസ്തിയാർജ്ജിച്ചു.

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു അഭിമാനസ്തംഭമായിരുന്നു വി.

*(ശേഷം പേജ് 6-ൽ)*

# മഹ്ദീ മസീഹിന്റെ സത്യസാക്ഷ്യങ്ങൾ

*അബൂ ശഹീദ് അഹ്മദ്, പഴയങ്ങാടി*

മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യങ്ങൾ ശേഖരിച്ചെഴുതുന്ന നിയ്യത്ത് വെച്ചുകൊണ്ട് ഞാൻ അഹ്മദിയ്യാ ഗ്രന്ഥശാലകൾ കയറി ഇറങ്ങുകയായിരുന്നു. അവിടങ്ങളിൽ കണ്ടതായ അത്ഭുതപ്രതിഭാസങ്ങൾ ഈ നിസ്സാരവ്യക്തിയുടെ ലേഖനങ്ങൾ രചിക്കാനുള്ള കഴിവുകളിൽ അപര്യാപ്തതകൾ വെളിപ്പെടുത്തുന്നു.

ആത്മീയൗന്നിത്യങ്ങളുടെ നിമ്നോന്നതപ്പടവുകളിൽ വിരാചിക്കുന്ന മഹൽവ്യക്തികൾ വിഭിന്ന രൂപഭാവങ്ങളിലുള്ള ഗ്രന്ഥസമുച്ചയങ്ങളിൽ അവരുടെ രചനാചാതുര്യങ്ങൾ വെളിപ്പെടുത്തുമ്പോൾ വാസ്തവത്തിൽ അവ ചെറുതും വലുതുമായ അറിവുകളുടെ അരുവികളായി പരിലസിക്കുകയായിരുന്നു. മഹ്ദീ മസീഹിന്റെ സത്യസാക്ഷ്യങ്ങൾ ഒരിക്കലും വറ്റാത്ത വരളാത്ത പരിശുദ്ധജലപ്രവാഹങ്ങളായി അതിലൂടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്.

സർവ്വാധിനാഥനായ അല്ലാഹുവിന്റെ വരദാനങ്ങളാകുന്ന പരിശുദ്ധഖുർആൻ സൂക്തങ്ങൾ പ്രവാചകശിരോമണി മുഹമ്മദ് മുസ്തഫാ തങ്ങളുടെ മൊഴിവചനങ്ങൾ മുൻകടന്ന ദൈവികഗ്രന്ഥ വാക്യങ്ങൾ കാലത്തിന്റെ സാരഥി മഹ്ദീ മസീഹ് അവരുടെ ദിവ്യവെളിപാടുകൾ ആത്മീയവാനത്തിലെ സൂര്യചന്ദ്രതാരക പ്രകാശകിരണങ്ങൾ പോലെ അലകളായ് ഒഴുകുന്ന ജലകണങ്ങളെ പാലൊളി മിന്നുന്ന മുത്ത് മണിരത്നങ്ങളാക്കി പരിലസിപ്പിക്കുന്ന രംഗം എത്ര കുതൂഹലം! എത്ര രോമാഞ്ചഹർഷപുളകിതം!

അനേകമനേകം സത്യാന്വേഷികൾക്ക് അവ സന്മാർഗ്ഗദർശിതങ്ങളായിത്തീർന്നു. യഥാർത്ഥ മതതത്ത്വജ്ഞാനങ്ങളായിത്തീർന്നു. ഇനിയും എത്ര പേർ ദാഹശമനങ്ങൾ വരുത്തിയാലും മുടങ്ങാതെ ആ പ്രക്രിയ ഖിയാമത്തുന്നാൾവരെ തുടർന്ന് കൊണ്ടേയിരിക്കും.

തീർന്നില്ല ഗ്രന്ഥസമാഹാരങ്ങളിൽ ലൗകികരും ഉത്സുകരുമായ ചരിത്ര വാനനിരീക്ഷകന്മാരുടെ ജ്ഞാനസൃഷ്ടികളും മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യങ്ങൾക്ക് അവരറിയാതെ അംഗീകാരമുദ്രകൾ പതിപ്പിക്കുന്നുണ്ടെന്ന യാഥാർത്ഥ്യങ്ങൾ സർവ്വശക്തനായ അല്ലാഹുവിന്റെ ഹിക്മത്തുകളുടെ ഒരു പ്രകടനം തന്നെയാകുന്നു. പിന്നേയും സത്യവിശ്വാസികളിൽ ഈമാനിന്റെ മാറ്റ് വർദ്ധിക്കുകയായി.

പരിശുദ്ധ ദീനുൽ ഇസ്‌ലാമിന് സംഭവിക്കാൻ പോകുന്ന ശോചനീയ കാലഘട്ടത്തെ സംബന്ധിച്ചും അതിന്റെ സമുദ്ധാരകരായി അവതീർണരാകാൻ പോകുന്ന തന്റെ ആത്മീയ ശിഷ്യനെ സംബന്ധിച്ചും മഹാനായ ഗുരു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തങ്ങളുടെ തിരുഅധരങ്ങളിൽനിന്നും കൃത്യമായ വ്യക്തമായ സ്ഥലകാല വിശദീകരണങ്ങളോട് കൂടി സത്യസാക്ഷ്യമൊഴികൾ അടർന്ന് വീണപ്പോഴെല്ലാം എല്ലാ വചനങ്ങളും എഴുതിസൂക്ഷിക്കണമെന്നുള്ള സൽകർമ്മചിന്തകളിൽ അവിടുത്തെ സന്നിധിയിൽ ഹാജരുണ്ടായിരുന്ന സഹാബിവര്യന്മാരിൽ എന്തെന്നില്ലാത്ത ആശ്വാസപ്രതീതി ജനിക്കുകയും അനേകമനേകം അനുഗ്രഹാശിസ്സുകൾക്കായി ആ പവിത്രഹസ്തങ്ങൾ കാരുണ്യത്തിടമ്പായ അല്ലാഹുവിലേക്ക് ഉയർന്നുപോവുകയും പ്രാർത്ഥനകളിൽ മുഴുകിക്കൊണ്ടിരിക്കുകയും ചെയ്തു. കാരണം പരിശുദ്ധ ദീനുൽ ഇസ്‌ലാമിന്റെ ശിഥിലീകരണം അവരെ സംബന്ധിച്ചിടത്തോളം സ്വപ്നത്തിൽപോലും ചിന്തിക്കാനാവാത്ത മനോവ്യഥയായിരുന്നു.

ഏതെല്ലാം കഠിനതരങ്ങളായ ത്യാഗസുരഭില ജീവിതഘട്ടങ്ങളിലൂടെയും ശത്രുപക്ഷങ്ങളിൽനിന്നും കൊടുങ്കാറ്റായി വീശിവന്ന എതിർപ്പുകളിലൂടെയും മർദ്ദനങ്ങളിലൂടെയും പന്തിവിരോധങ്ങളിലൂടെയും ഘോരയുദ്ധങ്ങളിലൂടെയും ജീവൻ ബലിദാനങ്ങളിലൂടെയും യാതനകളിലൂടെയും വേദനകളിലൂടെയും പടുത്തുയർത്തപ്പെട്ട 'ഇസ്‌ലാമിക സ്വർഗ്ഗീയ മണിസൗധം' ഛിന്നഭിന്നമായിപ്പോവുകയോ? ഈ അഗാധദുഃഖം ഏതൊരു ദുഃഖഭാരങ്ങളേക്കാളും താങ്ങാനാവാത്തതായിരുന്നു.

അതിന്റെ പ്രതിവിധി

*(പേജ് 7-ൽ)*

# ഫിത്ന– അന്താരാഷ്ട്ര പ്രതിഷേധമുയരുന്നു




മാർച്ച് 27-ന് റിലീസ്സായ ഗീർട്ട് ബൈൽഡേഴ്സ് സംവിധാനം ചെയ്ത ഫിത്ന എന്ന സിനിമയ്ക്കെതിരെ കടുത്ത അന്താരാഷ്ട്ര പ്രതിഷേധമുയർന്നുകഴിഞ്ഞു. ഇസ്‌ലാമിനെ ഭീകരമതമായും വിശുദ്ധഖുർആന്റെ അധ്യാപനങ്ങളെ തീവ്രവാദ പ്രചാരണമാധ്യമമായും മുഹമ്മദ് നബി(സ) തിരുമേനിയെ ബോംബിന്റെ ഉടമസ്ഥനായും ചിത്രീകരിക്കുന്ന വീഡിയോചിത്രം കടുത്ത ഭീഷണിയെത്തുടർന്ന് സംവിധായകൻ നെതർലാന്റ്സ് ആസ്ഥാനമായുള്ള ലൈവ്‌ലീക്ക് വെബ്സൈറ്റിൽനിന്നും പിൻവലിച്ചു. സിനിമ റിലീസായ ഉടനെ തന്നെ നെതർലാന്റ് പ്രധാന മന്ത്രി ബാൻക്കനെന്റ്, സിനിമ ഇസ്‌ലാമിനെ കലാപവുമായി ബന്ധിപ്പിക്കുന്നുവെന്നും എന്നാൽ, സിനിമയുടെ വ്യാഖ്യാനം ഡെച്ച് ജനത നിരാകരിക്കുന്നുവെന്നും ഭൂരിപക്ഷ മുസ്‌ലിംകളും തീവ്രവാദത്തെ എതിർക്കുന്നവരാണെന്നും, സംവിധായകന്റെ ചെയ്തിയിൽ ഖേദിക്കുന്നുവെന്നും പ്രസ്താവനയിറക്കി. ഐക്യരാഷ്ട്ര സിക്രട്ടറി ജനറൽ ബാൻകിമൂൺ തന്റെ പ്രസ്താവനയിൽ സിനിമ ഇസ്‌ലാമിക വിരുദ്ധമാണെന്നും സിനിമാപ്രദർശനം തടയാൻ നെതർലാന്റ് ഗവർമ്മെന്റ് നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

യൂറോപ്യൻ പാർലിമെന്റ് പ്രസിഡണ്ട് ഹാൻസ് ജെർട്ട് പോട്ടറി സിനിമയെ അപലപിച്ചു. യൂറോപ്യൻ യൂണിയന്റെയും അറബ് രാജ്യങ്ങളുടെയും ഒരു സംയുക്തയോഗം വിളിച്ചുകൂട്ടുകയും ചെയ്തിട്ടുണ്ട്. ഇറാൻ ടെഹ്റാനിലെ ഡച്ച് അംബാസിഡറോട് രാജ്യം വിട്ടുപോകാൻ ഉത്തരവിട്ടിട്ടുണ്ട്. കൂടാതെ ഇറാനും പാക്കിസ്ഥാനും സിനിമ നിരോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സിനിമ പ്രവാചകനെ നിന്ദിക്കുന്നതാണെന്ന് NAE വിദേശമന്ത്രി പ്രസ്താവിച്ചു. ഇന്തോനേഷ്യയിൽ ഒരു മന്ത്രിതന്നെ മുൻകൈയെടുത്തുകൊണ്ടുള്ള പ്രതിഷേധറാലികൾ നടത്തിവരുന്നുണ്ട്.

*(3-ാം പേജിൽനിന്ന്)*

ഞ്ഞു.

1984-ൽ സിയാവുൽ ഹഖ് പാസാക്കിയ അഹ്മദിയ്യാ വിരുദ്ധ നിയമം അഹ്മദികളുടെ ജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മതനിന്ദാ നിയമത്തിന്റെ പരിധിയിൽനിന്ന് രക്ഷപ്പെടാൻ അഹ്മദികൾക്ക് എളുപ്പമല്ല. സ്വയം മുസ്‌ലിം എന്നു പറയാനോ, മതം ഇസ്‌ലാമാണെന്ന് വെളിപ്പെടുത്താനോ അഹ്മദികൾക്ക് അവകാശമില്ല. ഈ നിയമങ്ങളുടെ കാർക്കശ്യം ഉപയോഗപ്പെടുത്തുന്നത് അഹ്മദിയ്യാ വിരുദ്ധരാണെന്നും ദൗത്യസംഘം കണ്ടെത്തിയിട്ടുണ്ട്. 1986-ൽ കൂട്ടിച്ചേർത്ത ചില പുതിയ വകുപ്പുകളനുസരിച്ച് വിശുദ്ധഖുർആനെയോ പ്രവാചകനെയോ അപകീർത്തിപ്പെടുത്തുന്നവർക്ക് മരണശിക്ഷവരെ ലഭിച്ചേക്കാം. പിന്നീട് 1991-ൽ നവാസ് ശരീഫ് പ്രവാചകനിന്ദ വധശിക്ഷ ലഭിക്കുന്ന കുറ്റമായി പ്രഖ്യാപിച്ചു.

അഹ്മദികൾക്കെതിരെ ചാർജ്ജ് ചെയ്യപ്പെടുന്ന കേസുകളിലെ പ്രഥമാന്വേഷണ റിപ്പോർട്ട് (FIR) പലപ്പോഴും നിർണ്ണായകമാകുന്നുണ്ട്. പാക്ക് പീനൽ കോഡ് അനുസരിച്ച് FIR ഉണ്ടാകുന്ന പോലീസ് ഉദ്യോഗസ്ഥന് അതിന്റെ അടിസ്ഥാനത്തിൽതന്നെ കുറ്റമാരോപിക്കപ്പെട്ടയാളെ അറസ്റ്റ് ചെയ്യാം. ഇങ്ങനെ അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിയെ 24 മണിക്കൂറിനുള്ളിൽ മജിസ്ത്രേട്ട് മുമ്പാകെ ഹാജരാക്കിയിരിക്കണം. അന്വേഷണം നടക്കുന്നതിനുമുമ്പേതന്നെ മതനിന്ദാ കേസ്സുകളിൽ അറസ്റ്റിലാകുന്നവർക്ക് യാതൊരുതരത്തിലുള്ള നിയമസഹായവും ലഭിക്കുന്നില്ല. മാത്രവുമല്ല മജിസ്ത്രേട്ടിന് മുമ്പിൽ ഹാജരാകുന്ന ആരോപണവിധേയരിൽ വെറും 10% ത്തിനു മാത്രമേ ജാമ്യം ലഭിക്കുന്നുള്ളൂ. ഇനി ജാമ്യം ലഭിച്ചാലും എല്ലാ മാസവും ജാമ്യമനുവദിച്ച കോടതിയിൽ പ്രതി ഹാജരാവുകയും വേണം.

1989 ഡിസംബർ 15-ന് നടന്ന ഒരു സംഭവം അഹ്മദിയ്യാ പ്രതിനിധികൾ ദൗത്യസംഘത്തെ അറിയിച്ചിരുന്നു. ഇസ്‌ലാമിക ആചാരങ്ങളും, പ്രാർത്ഥനാരീതികളും പിന്തുടർന്നുവെന്നാരോപിച്ച് പോലീസ് റബ്വയിലെ മുഴുവൻ താമസക്കാർക്കുമെതിരെ കേസെടുത്തു. മുഴുവൻ റബ്വാ നിവാസികൾക്കുമെതിരായ ഈ കേസ് ഇപ്പോഴും തുടരുകയാണ്. 2005-ൽ കൊണ്ടുവന്ന ഒരു ഭേദഗതി സ്ഥിതിഗതികൾ മാറ്റിയിട്ടുണ്ടെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഈ ഭേദഗതിയെ തുടർന്ന് FIR ഫയൽ ചെയ്യുന്നതിനു മുമ്പേ ഒരുന്നത പോലീസ് ഉദ്യോഗസ്ഥൻ ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിരിക്കണം. എന്നാൽ, ഈ ഭേദഗതിയും അഹ്മദികളുടെ രക്ഷയ്ക്കെത്തിയിട്ടില്ല. കാരണം പ്രാദേശിക പോലീസ് ഉദ്യോഗസ്ഥൻ തന്റെ മേലുദ്യോഗസ്ഥനെ വിളിച്ച് കേസ്സെടുക്കാനുള്ള അനുവാദം നേടിയിരിക്കും. ഫലത്തിൽ അന്വേഷണത്തിന് മുമ്പേ തന്നെ FIR ഫയൽ ചെയ്യപ്പെടും.

(തുടരും)


## വിശുദ്ധ ഖുർആൻ

"അല്ലാഹു നിങ്ങളിൽനിന്ന് വിശ്വസിക്കുന്നവരേയും അറിവ് നൽകപ്പെട്ടിട്ടുള്ളവരേയും പല പദവികളിലേക്ക് ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവർത്തികളെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനാണ്" (58:12).

## നബിവചനം

"ജ്ഞാനവിജ്ഞാനങ്ങൾ സത്യവിശ്വാസിയുടെ നഷ്ടപ്പെട്ട വസ്തുവാണ്. അത് എവിടെ കാണപ്പെട്ടാലും അവൻ അത് എടുത്തുകൊള്ളട്ടെ. അതിന്റെ യഥാർത്ഥ ഉടമ അവനത്രെ. (*തിർമിദി*)"

## യുഗശബ്ദം



നശ്വരവും അഗണ്യവും ആയ കാര്യങ്ങൾ മോഹിച്ച് നിങ്ങൾ ദിനരാത്രങ്ങൾ തലയിട്ടടിക്കുന്നു. നിങ്ങളുടെ ജീവിതത്തിനും നിങ്ങളുടെ സകല ആശകൾക്കും ഒറ്റയടിക്ക് അവസാനമിടുന്ന ഒരുവേള എന്തായാലും വന്നെത്താനുണ്ടെന്ന് നിങ്ങൾക്കറിയാമോ? എന്തൊരാശ്ചര്യം! എന്തൊരു ഹൃദയ കാഠിന്യം! ഈ അറിവ് ഉണ്ടായിട്ടും കാലമത്രയും ദുൻയാവ് നേടുന്നതിന് വേണ്ടിതന്നെ നശിപ്പിച്ചുകളയുന്നുവല്ലോ.... അല്ലാഹുവിന്റെ ദിവ്യപ്രസ്ഥാനത്തെ വളരെ ദുർബ്ബലം എന്ന് നിങ്ങൾ കരുതിയിരിക്കുകയാണ്. അതിനെപ്പറ്റി സ്മരിക്കുമ്പോൾ നിങ്ങളുടെ നാവുകളെ നിന്ദാഭരിതമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞയോടും കൂടി ചലിപ്പിക്കുകയും അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ധൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽനിന്നുള്ളതാണെന്ന് എന്തിന് കരുതണമെന്ന് നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുന്നു. ഞാൻ അതിനുള്ള മറുപടി നല്കിക്കഴിഞ്ഞു. ഈ വൃക്ഷത്തെ ഇതിന്റെ ഫലങ്ങൾ നോക്കിയും ഈ നക്ഷത്രത്തെ ഇതിന്റെ തിളക്കം നോക്കിയും തിരിച്ചറിഞ്ഞുകൊള്ളണമെന്നാണ് എനിക്ക് പറയാനുള്ള മറുപടി. (*ഫത്ഹെ ഇസ്‌ലാം*)

## ഓർമ്മകൾ പുതുക്കി പാരിൽ!

*അബൂ ശഹീദഹ്മദ്. സി.എച്ച്, പഴയങ്ങാടി*

മുൻകടന്നു ദൈവദൂതർ
ഖാത്തമുൽഅമ്പിയാ തങ്ങൾ
ഓർമ്മകൾ പുതുക്കിപാരിൽ
അഹ്മദിയ്യത്തിൽ!

സമാനിൻ സാരഥിതന്നിൽ
അഹ്മദുൽ ഖാദിയാനിയിൽ
ഈമാനിൽ സൽമുരീദുകൾ
സത്യമുമിൻകൾ!

സർവനാഥൻ അല്ലാഹുവിൻ
സ്വർഗസന്ദേശങ്ങൾ ഖൽബിൽ
മുറാദുകൾ തബ്‌ലീഗിൻ
സ്നേഹധാരകളിൽ!

അമ്പിയാഅ് സ്മരണകളിൽ
വമ്പരായി ദുശ്മനുകൾ
വിതച്ചവർ വിനാശങ്ങൾ
വിശ്വസിച്ചവരിൽ!

പണ്ഡിതർ മുറവിളികൾ
മുമ്പിൽ ഭരണകൂടങ്ങൾ
ദുർനിയമം നിർമിതിയിൽ
നാശമാർഗ്ഗത്തിൽ

പന്തിവിരോധം ഇവരിൽ
ഇരുമ്പഴി ജയ്‌ലറകൾ
നിഷേധങ്ങൾ വിശ്വാസങ്ങൾ
അവകാശങ്ങൾ!

പുത്തന്നബിത്വവാദത്തിൽ
മുത്ത്നബി മുഹമ്മദിൽ
അപകീർത്തിക്കുറ്റമതിൽ
അപരാധത്തിൽ!

ഇസ്‌ലാം ദീനിൻ സംരക്ഷകൻ
ഈസാമസീഹിറങ്ങുമ്പോൾ
അപമാനമല്ലേ ഭൂവിൽ
നബിതങ്ങളിൽ!

ആരവരിൽ തൃക്കരങ്ങൾ
മുർത്തദ്ദിൻവധത്തിൻ പിന്നിൽ
പരലോക ജീവിതത്തിൽ
പുണ്യം ഘാതകരിൽ!

ആലിമിൻ തഫ്സീറുകളിൽ
അന്ധതകൾ അജ്ഞതകൾ
ആകാശത്തിൻകീഴിൽ മണ്ണിൽ
ക്രൂരകൃത്യങ്ങൾ!

വിശ്വാസാഘാതങ്ങളിവരിൽ
അദൃശ്യമാത്മാവുകളിൽ
സുദൃഢങ്ങൾ നെഞ്ചകങ്ങൾ
അഹ്മദിയ്യാക്കൾ!

അത്യധിഷ്ഠിതങ്ങൾ ശിർക്കിൽ
അനാചാരമധർമ്മങ്ങൾ
പുണർന്നിടാനില്ല ഞങ്ങൾ
ക്രോധമാർഗ്ഗങ്ങൾ!

ഖിലാഫത്തിൻ ഹസ്തം തന്നിൽ
ബയ്അത്തുകൾ സത്യശിഷ്യർ
ഐക്യത്തിൻ പതാക കീഴിൽ
സഫ്ഫ് സഫ്ഫുകൾ!

എത്രയെത്ര ശഹീദുകൾ
പവിത്ര ദീനിൻ വഴിയിൽ
സത്യവിശ്വാസത്തെ ഭൂവിൽ
ശക്തമാക്കിയവർ!

പിന്നെയും വളർന്നു പാരിൽ
ദിവ്യമുഅജിസത്തുകളിൽ
പാരിടത്തിൽ അഹ്മദികൾ
പരന്നൂ മണ്ണിൽ!

ഖിലാഫത്തിൻ ജൂബിലിയിൽ
ശതവർഷം പൂർണ്ണതയിൽ
കോടാനുകോടി അംഗങ്ങൾ
അഹ്മദിയ്യത്തിൽ!

## അഹ്മദിയ്യാ സ്റ്റുഡന്റ്സ് അസോസിയേഷൻ

**കൂടാളി:** കൂടാളി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിലുള്ള അഹ്മദിയ്യാ സ്റ്റുഡന്റ്സ് അസോസിയേഷൻ കണ്ണൂർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തഅ്ലീം സിക്രട്ടറി നിഷാദ് അസീസ് സാഹിബ് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തോടൊപ്പം ജമാഅത്തുമായുള്ള ബന്ധവും മുറുകെപിടിക്കണമെന്ന് നിഷാദ് അസീസ് സാഹിബ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വിദ്യാഭ്യാസത്തിന്റെ ഉന്നത പീഠങ്ങൾ കരസ്ഥമാക്കിയ മഹാന്മാർക്ക് ദൈവത്തിന്റെ വഴിയിലും സ്ഥാനമുണ്ട് ഇക്കാര്യം സർ സഫറുല്ലാ ഖാന്റെയു ഡോ. അബ്ദുസ്സലാമിന്റെയും മാതൃകകളിലൂടെ നമുക്ക് മനസ്സിലാകേണ്ടതാണെന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു. കൂടാളി ഖാഇദ് ഷബീബ് ഹനീഫ് സാഹിബ് ആധ്യക്ഷം വഹിച്ചു. സ്റ്റുഡന്റ്സ് അസോസിയേഷനു കീഴിൽ വരുന്ന ബുക് ബാങ്ക്, കരിയർ ഗൈഡൻസ്, സെമിനാറുകൾ തുടങ്ങിയ പരിപാടികളെപ്പറ്റി ഷാനിർ അഹ്മദ് സാഹിബ് വിവരിച്ചു. ചടങ്ങിൽ കൂടാളി ജമാഅത്ത് വൈസ് പ്രസിഡണ്ട് എം.പി. നിസാർ സാഹിബ് ആശംസകൾ അർപ്പിച്ചു.

## മുസ്‌ലിംലോകത്തിന്റെ അപജയത്തിന് കാരണം നേതൃരാഹിത്യം: മൗലവി മുഹമ്മ് ശരീഫ് സാഹിബ് എച്ച്.എ.

**കരുളായി:** മുസ്‌ലിം ലോകത്തിന് ഒരാത്മീയ നേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള അടിസ്ഥാന കാരണമെന്ന് മൗലവി മുഹമ്മദ് ശരീഫ് സാഹിബ് പറഞ്ഞു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് കരുളായി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 28.02.08-ന് വ്യാഴാഴ്ച വൈകീട്ട് 7 മണിക്ക് നടത്തിയ പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാലത്ത് ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന് വേണ്ടി നിയുക്തനായ വാഗ്ദത്ത മസീഹിനാൽ സ്ഥാപിതമായ യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്തിന് പിന്നിൽ അണിചേരുക മാത്രമാണ് അവർക്ക് രക്ഷക്കുള്ള ഏക പോംവഴിയെന്നും അദ്ദേഹം ഉപദേശിച്ചു.

മലപ്പുറം ജില്ലാ അമീർ പി. മുഹമ്മദാലി മാസ്റ്റർ സാഹിബ് അധ്യക്ഷത വഹിച്ചു. ജമാഅത്ത് പ്രസിഡന്റ് ടി.കെ. മുഹമ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. ദഅ്വത്തെ ഇലല്ലാഹ് സെക്രട്ടറി ഇ. അബ്ദുറഹിമാൻ സാഹിബ് സ്വാഗതപ്രസംഗം നടത്തി.

## മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖലാ തർബിയ്യത്ത് കേമ്പ്

**എറണാകുളം:** എറണാകുളം മേഖലാ മജ്‌ലിസ് അൻസാറുല്ലായുടെ ഏകദിന തർബിയ്യത്ത് കേമ്പ് പള്ളുരുത്തി അഹ്മദിയ്യാ മുസ്‌ലിം പള്ളിയിൽ 16.3.2008-ന് സംഘടിപ്പിച്ചു. രണ്ട് സെഷൻ ആയിട്ടാണ് കേമ്പ് നടത്തിയത്.

നബികീർത്തനയോഗം എറണാകുളം മേഖലാ നാസിം ജനാബ് പി.കെ. ശാഹുൽ ഹമീദ് സാഹിബിന്റെ അധ്യക്ഷതയിൽ രാവിലെ 10.30-ന് ആരംഭിച്ചു. യോഗത്തിൽമ മുഹമ്മദ് നബി(സ) റഹ്മത്തുൻലിൽ ആലമീൻ എന്ന വിഷയത്തെ ആസ്പദമാക്കി മൗലവി മുഹമ്മദ് മൻസിൽ സാഹിബും, റസൂൽ(സ)യുടെ ജീവിത മാതൃക എന്ന വിഷയത്തിൽ മൗലവി കെ.എ. മൊഹിയുദ്ദീൻ സാഹിബും, ഖിലാഫത്ത് നബി(സ)യുടെ പ്രവചനങ്ങൾ എന്ന വിഷയത്തിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബും പ്രസംഗിച്ചു.

ഭക്ഷണം, വിശ്രമം, നമസ്കാരം എന്നിവയ്ക്കു ശേഷം ഉച്ചക്ക് 2 മണിക്ക് ജനാബ് ടി.കെ. അബൂബക്കർ സാഹിബിന്റെ അധ്യക്ഷതയിൽ ജനാബ് എ. അബ്ദുർറഹ്മാൻ സാഹിബിന്റെ തിലാവത്തോടെ തർബിയ്യത്ത് യോഗം ആരംഭിച്ചു. 'നമസ്കാരവും, ധനത്യാഗവും' എന്ന വിഷയത്തെ സംബന്ധിച്ച് ജനാബ് മൗലവി നജ്മുദ്ദീൻ സാഹിബും, 'ഖിലാഫത്ത് ജൂബിലിയും അൻസാറുല്ലായുടെ ഉത്തരവാദിത്വവും' എന്ന വിഷയത്തിൽ മൗലവി അൻസാർ മഹ്ദി സാഹിബും, 'വ്യവസ്ഥിതിയോടുള്ള അനുസരണം' എന്ന വിഷയത്തിൽ മൗലവി സലീം സാഹിബും പ്രസംഗങ്ങൾ നടത്തി. മേഖലാ നാസിം ജനാബ് പി.കെ. ശാഹുൽ ഹമീദ് സാഹിബ് കൃതജ്ഞത രേഖപ്പെടുത്തി. മേഖലയിലെ 8 മജ്‌ലിസുകളിൽനിന്ന് 69 അൻസാറുകളും 14 ഖാദിംകളും 5 അത്ഫാലുകളും ഉൾപ്പെടെ 88 പേർ കേമ്പിൽ പങ്കെടുത്തു. പള്ളുരുത്തി ജമാഅത്തിലെ ഖുദ്ദാം, അത്ഫാൽ, അൻസാർ സഹോദരങ്ങൾ കേമ്പിന്റെ വിജയത്തിനായി വളരെയധികം സേവനം ചെയ്തിട്ടുണ്ട്.

(5-ാം പേജിൽനിന്ന്)

അബ്ദുൽ ഖയ്യൂം സാഹിബ്. അഹ്മദിയ്യത്തിനകത്തും പുറത്തും ഒരുപോലെ ശോഭിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അനേകമാളുകളെ അഹ്മദിയ്യത്തിലേക്ക് ആനയിച്ച ഇക്കാലത്തിൻ ഇമാം, സന്മാർഗ്ഗദർശിനി തുടങ്ങിയ വിവർത്തന ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളാണ്. സത്യദൂതൻ പത്രാധിപരായിരുന്ന അദ്ദേഹം പിന്നീട് ചന്ദ്രികാ ദിനപത്രത്തിന്റെ സബ്എഡിറ്ററെന്ന നിലയിലും ഖ്യാതിനേടി. കോഴിക്കോട് ജമാഅത്തിന്റെ സാരഥിയായും കോഴിക്കോട്ടെ പത്രപ്രവർ ത്തകസംഘത്തിന്റെ അധ്യക്ഷനായും അദ്ദേഹം ഒരുപോലെ പ്രവർത്തിച്ച് സ്തുത്യർഹനായി. തുർക്കിവിപ്ലവം, അബലയുടെ പ്രതികാരം എന്നീ സുപ്ര സിദ്ധ നോവലുകളും പ്രാചീനമലബാർ എന്ന ഉപകാരപ്രദമായ ചരിത്രകൃതിയും അദ്ദേഹമാണ് കൈരളിക്ക് സമ്മാനിച്ചത്. ഇങ്ങനെ താൻ കൈവച്ച കേരളത്തിലെ തൂലികാസമര ജേതാക്കളിൽ ഒരു പ്രബലസ്ഥാനം കൈവരിക്കാനും വി. അബ്ദുൽഖയ്യൂം സാഹിബിന് കഴിഞ്ഞു.

അഹ്മദിയ്യത്തിനുവേണ്ടി തൂലികയേന്തിയ പല എഴുത്തുകാരും ഗ്രന്ഥകാരന്മാരും കേരളത്തിലുണ്ടായിട്ടുണ്ട്. ആ കൂട്ടത്തിൽ മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ., കെ. എം. ഇബ്‌റാഹീംകുഞ്ഞി സാഹിബ്, വി. അബ്ദുൽ ഖയ്യൂം സാഹിബ്, എച്ച്. ഹുസൈൻ സാഹിബ്,എൻ. ഹാമിദ് സാഹിബ് തുടങ്ങിയവർ ഈ രംഗത്ത് മികവുറ്റ സേവനങ്ങളിലൂടെ സൽ കീർത്തി സമ്പാദിച്ചവരാണ്. ഈ അഞ്ച് പ്രതിഭാശാലികളെ ഒഴിച്ചുനിറുത്തിയാൽ കേരള അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സാഹിത്യരംഗം നിഷ്പ്രഭമാകും. എഴുത്തിന്റെ അക്ഷയധാരയിലൂടെ അനേകരെ ആകർഷിക്കാൻ കഴിഞ്ഞുവെന്നുള്ളത് മാത്രമല്ല, ത്യാഗബദ്ധവും ഭക്തിനിർഭരവുമായ ജീവിതം കാഴ്ചവെക്കാനും അവർക്ക് സാധിച്ചിരുന്നു.

സത്യസന്ധതയും സൽപെരുമാറ്റവും വാഗ്ദത്തപാലനവുമാണ് അവർ മുഖമുദ്രയാക്കിയത്. തൗഹീദിന്റെ ധ്വജവാഹകരായ അവർ, അല്ലാഹുവിന്റേയും തിരുറസൂലിന്റേയും മഹത്ത്വം പ്രഘോഷിക്കാനായി ലഭിക്കുന്ന ഒരവസരവും പാഴാക്കിയില്ല. ഇസ്‌ലാംമതത്തിന്റെ വക്താക്കളായിരുന്ന അവർ അന്യമതങ്ങളിലും അവഗാഹം നേടി. ഇംഗ്ലീഷ്, ഉർദു, മലയാളം എന്നീ ഭാഷകളിൽ അവർക്ക് അപാരമായ പാണ്ഡിത്യമാണുണ്ടായിരുന്നത്. അവരിൽ ചിലർ സംസ്കൃതത്തിലും തമിഴിലും പ്രാവീണ്യം കൈവരിച്ചു. ആ കൂട്ടത്തിൽ ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. (റഹ്), മതസാഹിത്യരംഗത്ത് ഒരത്ഭുതപ്രതിഭയായിരുന്നു. ജ്ഞാനവിജ്ഞാനകലകളിൽ സമസ്ത മേഖലകളേയും പ്രദ്യോതനം ചെയ്യാനും, കോളിളക്കം സൃഷ്ടിച്ച തൂലികയും മാസ്മരികശക്തിയുള്ള ജിഹ്വയും മുഖേന ജാതിമതഭേദമന്യേ ആയിരങ്ങളുടെ ആദരവ് പിടിച്ചുപറ്റാനും അദ്ദേഹത്തിന് കഴിഞ്ഞു. ചുരുക്കത്തിൽ പോയകാല ചരിത്രത്തിലെ സർഗ്ഗധനരും സാത്വികരും സമകാലികരുമായ ഈ അഞ്ച് തൂലികാനായകന്മാർ ചെയ്തുതീർത്ത ജനോപകാരപ്രദമായ സാഹിത്യസംഭാവനകളെ കേരളത്തിലെ അഹ്മദികൾക്ക് ഒരുകാലവും വിസ്മരിക്കാനാവുകയില്ല.

# ഖിലാഫത്ത് ജൂബിലി അനുഗ്രഹീതമാണ്: പി. മുഹമ്മദാലി മാസ്റ്റർ സാഹിബ്

**പത്തപ്പിരിയം:** ഖിലാഫത്ത് ജൂബിലി 2008 അഹ്മദി യുവാക്കളെ സംബന്ധിച്ച് വളരെ അനുഗൃഹീത വർഷമാണെന്നും നാം അതിന്റെ നൂറാം വാർഷികം ആഘോഷിക്കുവാൻ പോവുകയാണെന്നും മലപ്പുറം ജില്ലാ അമീർ പി. മുഹമ്മദാലി മാസ്റ്റർ സാഹിബ് പറഞ്ഞു. 3.2.08-ന് ഞായറാഴ്ച പത്തപ്പിരിയത്ത്വച്ച് ഖുദ്ദാം-അത്ഫാൽ മലപ്പുറം ജില്ലാ ഇജ്തിമാ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖലീഫയുടെയും ഖിലാഫത്തിന്റെയും മഹത്വം മനസ്സിലാക്കി ലോകത്തിലെ ശിർക്കിനെ വേർതിരിക്കുകയും യഥാർത്ഥ തൗഹീദിനെ തിരിച്ചറിയുകയും ചെയ്യുക. ഖിലാഫത്തിന്റെ പുണ്യം, മഹത്വം, അനുഗ്രഹം എന്നിവ അനുഭവിക്കാനുള്ള സൗഭാഗ്യം അഹ്മദികൾക്കുള്ള അല്ലാഹുവിന്റെ ഖുദ്റത്താണ്. അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഹുസൂർ നമ്മോട് പറയുന്ന തൗഹീദിന്റെ വഴിയിൽ ചലിക്കുവാനും ഖാദിമീങ്ങളെ അമീർ സാഹിബ് ഉപദേശിച്ചു.

മലപ്പുറം ജില്ലാ ഖായിദ് അബ്ദുൽ ഗനി സിദ്ദീഖ് സാഹിബ് ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ടി.കെ. സുൽത്താൻ അഹ്മദ് ഖുർആൻ പാരായണം നടത്തി. ഖുദ്ദാം പ്രതിജ്ഞ ജില്ലാ ഖായിദ് സാഹിബും അത്ഫാൽ പ്രതിജ്ഞ റസാഖ് സാഹിബും പദ്യം അബ്ദുൽ ഹാദിയും കേൾപ്പിച്ചു.

കേരള ചീഫ് മിഷനറി മൗലവി മുഹമ്മദ് അയൂബ് സാഹിബ് എച്ച്.എ. മുഖ്യപ്രഭാഷണം നടത്തി. ഖാദിമീങ്ങളുടെ കടമ, ഖിലാഫത്തിന്റെ പ്രാധാന്യം, നമസ്കാരം എന്നീ വിഷയത്തെ സംബന്ധിച്ച് ഹുസൂറിന്റെ ഖുത്ബകളെ അടിസ്ഥാനമാക്കി അദ്ദേഹം വിശദീകരിച്ചു. നബി(സ)ന്റെ ഏറ്റവും പ്രിയങ്കരദാസനായ മസീഹ് മൗഊദ്(അ) പറഞ്ഞുതന്ന കാര്യങ്ങൾ അനുസരിക്കുക. നമസ്കാരത്തിൽ നമ്മൾ അല്ലാഹുവുമായി കൂടുതൽ കൂടുതൽ അടുക്കാനാണ് ഖിലാഫത്ത് ജൂബിലി വർഷത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും ഖാമിസിന്റെ ഖുത്ബയെ അടിസ്ഥാനമാക്കി മൗലവി സാഹിബ് ഉപദേശിച്ചു.

ഹുസൂറിന്റെ ഖുത്ബയിൽ പറഞ്ഞ കാര്യങ്ങൾ, നമസ്കാരം എന്നിവയിൽ ഒരിക്കലും വീഴ്ച വരുത്തരുത് എന്ന് ടെലിഫോണിലൂടെ ഇജ്തിമാക്ക് ആശംസകളർപ്പിച്ച് സംസാരിക്കുകയായിരുന്നു ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ നായിബ് സദ്ർ ഡോ.സലാഹുദ്ദീൻ സാഹിബ് പറഞ്ഞു. ജില്ലാ തർബിയ്യത്ത് സെക്രട്ടറി അൻവർ സാഹിബ് സ്വാഗത പ്രസംഗം നടത്തി.

ഇജ്തിമായിൽ 55 ഖാദിമീങ്ങളും 65 അത്ഫാലുകളും പങ്കെടുത്തു. ഉദ്ഘാടന ചടങ്ങ് അവസാനിച്ചതിനെ തുടർന്ന് മത്സരപരിപാടികൾ നടന്നു.

വൈകീട്ട് സമാപന യോഗം ആരംഭിച്ചു. ജില്ലാ ഖായിദ് സാഹിബ് അധ്യക്ഷത വഹിച്ചു. അത്ഫാൽ സീനിയർ ഖുർആൻ പാരായണ വിജയി കെ. താഹിർ അഹ്മദ് ഖുർആൻ പാരായണവും, ഖുദ്ദാം ഉർദു പദ്യ വിജയി ടി.കെ. ലുഖ്മാൻ പദ്യവും ചൊല്ലി. മൗലവി. പി. നാസർ സാഹിബ് എച്ച്.എ. 'അനുസരണയും ജമാഅത്തിവ്യവസ്ഥയോടുള്ള ബഹുമാനവും' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. മത്സരത്തിലെ വിജയികൾക്ക് ജില്ലയിലെ മുബല്ലിഗ്-മുഅല്ലിമീങ്ങൾ സമ്മാനദാനം നിർവ്വഹിച്ചു. പത്തപ്പിരിയം ഖായിദ് സാലിഹ് സാഹിബ് നന്ദി പറഞ്ഞു. വൈകുന്നേരം 5 മണിക്ക് നാസർ മൗലവിയുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടെ ഇജ്തിമാ വിജയകരമായി അവസാനിച്ചു.

# പാലക്കാട് – തൃശ്ശൂർ മേഖലാ യോഗം

**പാലക്കാട്, 16.308:** പാലക്കാട്-തൃശ്ശൂർ മേഖലയിലെ പ്രാദേശിക ജമാഅത്തിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടേയും പ്രസിഡണ്ടുമാരുടെയും മുബല്ലിഗ്-മുഅല്ലിമിങ്ങളുടെയും യോഗം ഖിലാഫത്ത് ജൂബിലി പരിപാടികൾ നടപ്പിലാക്കുന്നതിനായി പാലക്കാട് പി.ഡബ്ല്യുഡി റസ്റ്റ്ഹൗസിൽ ചേർന്നു. മേഖല അമീർ പ്രൊഫസർ അബ്ദുൽകരീം സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഹുസൂർ തിരുമനസ്സിൽ നിന്നുള്ള എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായി അനുസരിച്ചുകൊണ്ട് ഖിലാഫത്ത് ജൂബിലിയുടെ പ്രചരണപ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കണമെന്നും, എല്ലാ ഭാരവാഹികളും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. വീഴ്ചകളും പോരായ്മകളും മാറ്റിയെടുത്തുകൊണ്ട് എല്ലാവരിൽനിന്നും ആത്മാർത്ഥമായ പ്രവർത്തനം ഉണ്ടാകേണ്ടതുണ്ടെന്നും ഈ ജമാഅത്തിന്റെ ശക്തി നാമാണ് നിലനിർത്തിക്കൊടുക്കേണ്ടതെന്നും അമീർ സാഹിബ് പറഞ്ഞു. ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ട് ജമാഅത്തുകളിൽ പുതിയൊരു ഉണർവ്വ് സംജാതമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മൗലവി അമീറുദ്ദീൻ സാഹിബ് എച്ച്.എ, മൗലവി പി. മുഹമ്മദ് സാഹിബ്, മൗലവി ഹിദായത്തുല്ലാ ഖാൻ സാഖാഫി സാഹിബ്, മേഖലാ-അൻസാറുല്ലാ സഈം എം.കെ. അബ്ദുൽ അസീസ് സാഹിബ്, പാലക്കാട് ജില്ലാ ഖാഇദ് കെ. ഉണ്ണീൻ സാഹിബ്, എ.ക്യു. മുസ്‌ലിം സാഹിബ്, എം.കെ. അബ്ദുറശീദ് സാഹിബ് (മണ്ണാർക്കാട്), എച്ച്. സുലൈമാൻ കാവശ്ശേരി, പി. മുഹമ്മദ്കുട്ടി ഹാജി സാഹിബ് പള്ളിപ്പുറം, അലനെല്ലൂർ ജമാഅത്ത് പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ്, പി.എം. ഹംസ സാഹിബ് (ചാവക്കാട്), പി. നാസിർ അഹ്മദ്, ബശീർ അഹ്മദ് (ചേലക്കര), വി.ടി. ബശീർ അഹ്മദ്, സിറാജുൽ മുനീർ, സി. ബശീർ അഹ്മദ്, സി.പി. സിദ്ദീഖ് സാഹിബ് (അലനല്ലൂർ) എന്നിവർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചു.

ഖിലാഫത്ത് ജൂബിലി ആഘോഷത്തിന്റെ മുന്നോടിയായി മെയ് മാസത്തിൽ മേഖലാ തലത്തിൽ പ്രചരണം നടത്താനും വീടുകളിലും ഷോപ്പുകളിലും പൊതുസ്ഥലങ്ങളിലും ഫ്ളക്സ് ബാനറുകൾ സ്ഥാപിക്കാനും, വീടുകൾ അലങ്കരിക്കാനും പുതിയ നോട്ടീസും പോസ്റ്ററുകളും അടിക്കാനും പഞ്ചായത്തിലെ വാർഡ്തലംതൊട്ട് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പാലക്കാട്-തൃശ്ശൂർ ജില്ലയിലെ ജനപ്രതിനിധികൾക്ക് ഖിലാഫത്ത് ജൂബിലി ഉപഹാരങ്ങൾ നൽകാനും യോഗം തീരുമാനിച്ചു.

എക്സിബിഷൻ, മെഡിക്കൽ കേമ്പ് എന്നീ കാര്യങ്ങൾ ആലോചിക്കുന്നതിന്നായി സബ് കമ്മറ്റികളെ ചുമതലപ്പെടുത്തി.

# ആരും കാണാത്ത പത്രസ്വാതന്ത്ര്യനിഷേധം

*അൽഹഖ് ന്യൂസ് ഡസ്ക്*

പത്രലോകത്തിന് പുതുമയാകാം. കാരണം പത്രസ്വാതന്ത്ര്യത്തിന്റെ ഗരിമയിൽ ലോകത്തെ വെല്ലുവിളിക്കുന്ന മാധ്യമ സാമ്രാജ്യങ്ങൾ സമകാലീന ലോകത്ത് നാം കാണുന്നുണ്ട്. ഇവിടെ പാക്കിസ്ഥാനിൽ പക്ഷേ അഹ്മദി പത്രമാസികകൾ നേരിടുന്ന ഭരണകൂട നടപടികൾ ആരുമറിയുന്നില്ല. അഹ്മദിയ്യാ മാധ്യമങ്ങൾ പരിമിതമായ സ്വാതന്ത്ര്യത്തിന് പോലും അർഹതപ്പെട്ടവയല്ലെന്നാണ് പാക്ക് ഗവർമ്മെന്റിന്റെ തീരുമാനം.


പാക്കിസ്ഥാനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കീഴിലുള്ള ദിനപത്രമാണ് അൽഫസൽ. ഇതുകൂടാതെ അഞ്ച് മാസികകളും അഹ്മദികളുടേതായുണ്ട്. ഇവ യഥാക്രമം മിസ്ബാഹ് (ലജ്ന), അൻസാറുല്ലാഹ് (അൻസാറുല്ല), ഖാലിദ് (ഖുദ്ദാമുൽ അഹ്മദിയ്യാ) തശ്ഹിദുൽ അദ്ഹാൻ (അത്ഫാൽ), തഹ്‌രീകെ ജദീദ് എന്നിവയാണ്. ഇതിൽ മിക്കവയും പലപ്പോഴായി പ്രസിദ്ധീകരണം നിറുത്തിവെക്കാൻ നിർബന്ധിതമായിട്ടുണ്ട്. ഇക്കൂട്ടത്തിൽ സ്വാഭാവികമായും ഏറ്റവുമധികം കേസുകൾ ഫയൽ ചെയ്യപ്പെട്ടത് അൽഫസൽ ദിനപത്രത്തിനെതിരായാണ്. 1984-99 കാലഘട്ടത്തിൽ അൽഫസലിനെതിരെ 24 കേസുകൾ രജിസ്റ്റർ ചെയ്തു. അൽഫസൽ എഡിറ്റർ നാസിം സയ്ഫിയെ 42 കേസുകളിൽ പ്രതിയായി ചേർത്തിട്ടുണ്ട്. എതിരാളികൾ കൊടുത്ത കേസുകൾ വേറെയുമുണ്ട്.

പാക്കിസ്ഥാനിലെ മജ്‌ലിസ് അൻസാറുല്ലായുടെ പ്രസിദ്ധീകരണമായ അൻസാറുല്ലയ്ക്കെതിരെ ഇക്കാലയളവിൽ 14 കേസുകൾ ചാർജ്ജ് ചെയ്തു. എതിരാളികൾ വേറെയും കേസുകൾ കൊടുത്തിട്ടുണ്ട്. ലജ്ന പ്രസിദ്ധീകരിക്കുന്ന മാസികയായ മിസ്ബാഹിനെതിരെ 7 കേസുകൾ ചാർജ്ജ് ചെയ്തു. ഇങ്ങനെ ഖുദ്ദാം, അത്ഫാൽ വിഭാഗങ്ങൾ നടത്തുന്ന മിക്ക പ്രസിദ്ധീകരണങ്ങളുടെയും വാർത്തകൾക്കും, ഉള്ളടക്കത്തിനുമെതിരെ കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

വിവിധ അഹ്മദിയ്യാ വിഭാഗങ്ങളുടെ പ്രസാധകനായ ഖാസി മുനീർ അഹ്മദിനെതിരെ ഈ കേസുകൾ നിലവിലുണ്ട്. അൽഫസലിന്റെ പ്രസാധകനായ ആഗാ സൈഫുള്ള നേരിടുന്നത് 28 കേസുകളാണ്. അൻസാറുല്ലായുടെ എഡിറ്റർ എം.ഡി. നാസ് നേരിടുന്നത് 18 കേസ്സുകളെങ്കിൽ ഇതേ മാസികയുടെ പ്രസാധകൻ എം. ഇബ്രാഹിം നേരിടുന്നത് 17 ഓളം കേസുകളാണ്. ചുരുക്കത്തിൽ ഒരു വിഭാഗം പത്രങ്ങളും പത്രപ്രവർത്തകരും പാക്കിസ്ഥാനിൽ വളരെയധികം കഷ്ടപ്പെടുന്നുണ്ട്. പീഡനത്തിന്റെ കാരണം ഒന്നുമാത്രം- അവർ അഹ്മദികളാണ്.

# സഹനമാണ് പ്രധാനം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഒരിക്കൽ ഒരു യഹൂദി ഹദ്റത്ത് നബി തിരുമേനി (സ)യുടെ അടുക്കൽ വന്നു. അയാൾ നബിയുടെ താടി പിടിച്ചുവലിക്കാൻ ആവർത്തിച്ചാവർത്തിച്ച് ശ്രമിക്കുകയും ഹദ്റത്ത് ഉമർ(റ) തന്റെ വാൾ കൊണ്ട് അയാളുടെ കൈ തട്ടിമാറ്റിക്കൊണ്ടിരിക്കുകയും ചെയ്തു. അവസാനം ഉമർ (റ)നെ നബി(സ) അതിൽ നിന്ന് തടഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഇയാൾ അങ്ങയെ അപമാനിക്കുന്നത് കാണുമ്പോൾ എനിക്ക് ഇയാളെ കൊന്നുകളയാൻ തോന്നുന്നു.' എന്നാൽ, നബി(സ) അയാളുടെ എല്ലാ മര്യാദകേടും സഹിക്കുകയും ക്ഷമിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു, 'കോപിക്കാൻ പാടില്ല. കാഠിന്യം പ്രവർത്തിക്കുകയുമരുത്."

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ ഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി (സ)യുടെ അടുക്കൽ വന്നു. വാങ്ങിയ കടം തിരിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. അപമര്യാദയോടെ പെരുമാറി. നബി (സ)യുടെ സഹാബാക്കൾക്ക് ദ്വേഷം വന്നു. അയാളെ വഴക്കുപറയാൻ തുടങ്ങി. നബി (സ) തിരുമേനി പറഞ്ഞു: 'അയാളെ ഒന്നും പറയരുത്. കൊടുത്തത് തിരിച്ചുകിട്ടാനുള്ള ആൾക്ക് എന്തെങ്കിലുമൊക്കെ പറയാനും അവകാശമുണ്ട്.' തുടർന്ന് നബി(സ) പറഞ്ഞു: 'അയാളിൽനിന്ന് വാങ്ങിയ പ്രായത്തിലുള്ള മൃഗത്തെ അയാൾക്ക് തിരിച്ചുകൊടുക്കുക.' സ്വഹാബത്ത് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അതേ പ്രായത്തിലുള്ള മൃഗം ഇപ്പോൾ നമ്മുടെ കൈയിലില്ല. അതിനേക്കാൾ വലുതേയുള്ളൂ.' അപ്പോൾ ആ വലിയ മൃഗത്തെ കൊടുക്കാൻ നബി (സ) കല്പിച്ചു. എന്നിട്ട് പറഞ്ഞു, വാങ്ങിയ കടം നല്ലനിലയിൽ തിരിച്ചുകൊടുക്കുന്നവനാണ് നിങ്ങളിൽ ഉത്തമൻ. ഒരു അതിക്രമവും കാണിക്കരുത്."

നബി(സ) തിരുമേനി തന്റെ ഓരോ പ്രവൃത്തി

( 8-ാം പേജിൽ)

(പേജ് 5-ൽനിന്ന്)

യായി ഭൂമിയിൽ അവതീർണ്ണരാക്കപ്പെടാൻ പോകുന്ന ഒരു ദിവ്യാത്മാവിനെ സംബന്ധിച്ച സത്യസാക്ഷ്യങ്ങൾ അഗാധമായ റൂഹാനീ ബഹറിൽനിന്നും അതിന്റെ കണ്ണെത്താത്ത ചൂട് മണൽ തീരങ്ങളിലേക്ക് അടിച്ചുയർന്നുവന്ന് പതിച്ചുവീണ കുളിർജലത്തിരമാലവർഷങ്ങളായിരുന്നു. സർവ്വാധിനാഥനായ അല്ലാഹുവിന്റെ അനുഗ്രഹവരദാനങ്ങൾ ഒളിമിന്നുന്ന ശുഭ്രജലകണങ്ങളെപോലെ ചിതറിവീണപ്പോൾ സഹാബിവര്യന്മാരിൽ പതഞ്ഞുപൊങ്ങിയ ആനന്ദാനുഭൂതികൾ വർണനാതീതങ്ങളാകുന്നു.

പക്ഷേ, അതിനേക്കാൾ എത്രയോ അവ അനുഭവിച്ചറിയാൻ അർഹതപ്പെട്ടവർക്ക് എന്തുപറ്റി? ധൂമപൊടിപടലങ്ങൾ ഉരുണ്ടുകൂടിയ അന്ധകാരയാമങ്ങളിൽ മാർഗലക്ഷ്യമറിയാതെ അലഞ്ഞുവലയുകയാണോ. കരകാണാത്ത അലയാഴികളിൽ സംശയാശങ്കകളുടെ ചുടുനീർ ചുഴികളിൽ കറങ്ങിത്തിരിയുകയാണോ. കൊടുംക്രൂര മൃഗങ്ങളുടെയും ഹിംസ്രജന്തുക്കളുടെയും വിഹാരരംഗങ്ങളായ വനാന്തരങ്ങളിൽ വഴി കാണാതുഴലുകയാണോ. എന്തിനോടുപമിക്കണം എന്നറിയാതെ ഞാനും ഉഴലുന്നു.

പ്രതിമാസം

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# സിമി- തീവ്രവാദത്തിന്റെ ദുരന്തം

*അടുത്ത ദിവസങ്ങളിലായി മാധ്യമങ്ങളിൽ സിമി പ്രവർത്തകരെ പിടികൂടുന്നതിന്റെ വാർത്തകൾ വന്നുകൊണ്ടേയിരിക്കുന്നു. നിരോധിക്കപ്പെട്ട ഈ സംഘടന എപ്പോഴും ദേശവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ ആരോപണവിധേയരാണ്. ഈ സംഘടനയുടെ പിതൃത്വം ആരോപണങ്ങളുടെ ആവേശത്തെ തീക്ഷ്ണമാക്കി നിലനിർത്തുന്നു. ഇന്ത്യയുടെ മതേതരമായ രാഷ്ട്രീയ-സാമൂഹിക പരിസ്ഥിതികളിൽ അർത്ഥപൂർണ്ണമായ സംവാദങ്ങൾക്ക് ഇത്തരം സംഘടനകൾക്ക് സാധിച്ചിട്ടില്ല. മറിച്ച് മുസ്‌ലിം ജനതയെ സംശയദൃഷ്ടിയോടെ വീക്ഷിക്കാനുള്ള കാരണമായി ഇവ പരിണമിച്ചിട്ടുണ്ട്.*

*1977-ലാണ് അലിഗഢിൽവച്ച് പ്രൊ. മുഹമ്മദ് അബ്ദുള്ള സിദ്ദിഖിയുടെ നേതൃത്വത്തിൽ സിമി രൂപം കൊള്ളുന്നത്. അന്ന് സിമിയുടെ വരവ് ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർത്ഥി സംഘടന എന്ന നിലയിലായിരുന്നു. പതിയെ സിമിയുടെ നിലപാടുകളിൽ തീവ്രത ഏറിക്കൊണ്ടിരുന്നു. അങ്ങനെയാണ് 1980-ൽ ജമാഅത്തെ ഇസ്‌ലാമി S.I.O എന്ന പുതിയ വിദ്യാർത്ഥി വിഭാഗത്തെ മുന്നോട്ട്‌വയ്ക്കുന്നത്. പ്രചാരണത്തിന്റെ ആവേശവും, പ്രവർത്തനത്തിന്റെ നിഗൂഢതയും നോക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ നേരവകാശം സിമിയുടേതാണ്. രാഷ്ട്രീയ ഇസ്‌ലാമായിരുന്നു ഈ സംഘടനയുടെ പ്രത്യയശാസ്ത്രം. ഈ പ്രത്യയശാസ്ത്രത്തിന്റെ രൂപകല്പന നടത്തിയത് ജമാഅത്തിന്റെ സ്ഥാപകൻ മൗദൂദി തന്നെയായിരുന്നു. ഒരർത്ഥത്തിൽ വിവിധ ഘട്ടങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി കൊണ്ടാടിയ വേഷങ്ങളിലെ കത്തിവേഷമായിരന്നു സിമി.*

*സിമി നിരോധിക്കപ്പെട്ടപ്പോൾ പ്രബലമായ രാഷ്ട്രീയകക്ഷികളിൽ അതിന്റെ പ്രവർത്തകർ കടന്നുകയറിയിട്ടുണ്ട്. വ്യക്തമായ അജണ്ടയുള്ള ഈ കടന്നുകയറ്റത്തിന് മുൻകാല പ്രാബല്യവുമുണ്ട്. മറ്റുചിലർ കൂടുതൽ തീവ്ര നിലപാടുകളിലേക്ക് മാറി. എന്നാൽ, ഈ തീവ്രവാദം ഇവരെ എവിടെയാണെത്തിക്കുക? ദേശദ്രോഹം വലിയ അപരാധമാണ്. ഈ കുറ്റത്തിന്റെ സോപാധികമായ ഏറ്റുപറച്ചിലാണ് നാടെങ്ങും നടക്കുന്ന സിമി വേട്ട. എവിടെയാണ് സമാധാനഭംഗമുണ്ടാകേണ്ടതെന്ന ചിന്ത എല്ലാ മതതീവ്രവാദികളേയും നയിക്കുന്നുണ്ട്. അവരുടെ ചിന്തയിൽ നിറയുന്നത് അടിച്ചേൽപ്പിക്കലിന്റെ നീതിയാണ്. റൂസൽ(സ)ലിന്റെ മാതൃക കാരുണ്യത്തിന്റേതും ഉദാരതയുടേതുമാണെന്ന് ഇത്തരം സംഘടനകൾ ഇനിയും അറിഞ്ഞിട്ടേയില്ല.*

*(7-ാം പേജിൽനിന്ന്)*

യിലും സ്ഥാപിച്ച ജീവിതമാതൃക, അക്കാലത്തെ ജനങ്ങൾക്ക് വേണ്ടി മാത്രമായിരുന്നില്ല. ആ മഹാത്മാവ് സ്ഥാപിച്ച മാതൃക ഖിയാമത്തുന്നാൾവരെ നമുക്കൊരു വഴികാട്ടിയാണ്. അത് ജീവിതത്തിൽ നാം പകർത്താനുള്ളതാണ്. വായിക്കുകയും കേൾക്കുകയും അതിൽ ആനന്ദം കൊള്ളുകയും പ്രവർത്തിക്കേണ്ട സമയം വരുമ്പോൾ അതിന്റെ പ്രാധാന്യം മറക്കുകയും ചെയ്യാൻ പാടില്ല.

അല്ലാഹുവിൽനിന്ന് സഹായിയെ ആവശ്യമുള്ളപ്പോൾ, സ്വയം പകരംവീട്ടി ശയ്ത്വാന്റെ മടിത്തട്ടിൽ വീഴുന്നതിനു പകരം ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് സഹ്ൽ തന്റെ പിതാമഹനിൽനിന്ന് നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "കോപം നടപ്പാക്കാൻ ശക്തവാനായിരിക്കെ, ആരാണോ അതിനെ അമർത്തിവയ്ക്കുന്നത് അല്ലാഹു ഖിയാമത്തുന്നാൾ അവനെ സൃഷ്ടികളുടെ മുമ്പിലേക്ക് വിളിക്കുന്നതാണ്." അതായത്, ആ വ്യക്തി തന്റെ സമീപസ്ഥനാണെന്ന് മറ്റുള്ളവരെ കാണിക്കുന്നതിനു വേണ്ടിയാണ് അല്ലാഹു അയാളെ ക്ഷണിച്ചുവരുത്തുന്നത്.

ഈ കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ നമ്മുടെ മുമ്പിൽ ഉൽകൃഷ്ട സ്വഭാവത്തിന്റെ മാതൃക കാണിക്കുകയുണ്ടായി. അവയിൽ ചിലതാണ് ഇനി ഞാൻ പറയുന്നത്. ഭാര്യമാരോട് നല്ല നിലയിൽ പെരുമാറേണ്ടതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അസാന്മാർഗ്ഗിക പ്രവർത്തി ഒഴികെയുള്ള സ്ത്രീകളുടെ മറ്റെല്ലാ ദുശ്ശീലങ്ങളും സ്വഭാവകാഠിന്യങ്ങളും സഹിക്കേണ്ടതാണ്. പറഞ്ഞു: പുരുഷനായിക്കൊണ്ട് സ്ത്രീകളോട് യുദ്ധം ചെയ്യുന്നതുകാണുമ്പോൾ നമുക്ക് അങ്ങേയറ്റം ലജ്ജ തോന്നുന്നു. നമ്മെ അല്ലാഹു പുരുഷനാക്കിയിരിക്കുന്നു. വാസ്തവത്തിൽ ഇത് തികഞ്ഞ അനുഗ്രഹമാണ്. നാം ഭാര്യമാരോട് മൃദുവോടും സന്തോഷത്തോടുംകൂടി പെരുമാറുക എന്നതാണ് അതിനുള്ള നന്ദി."

അല്ലാഹുവിന്റെ ഹലീം എന്ന സവിശേഷഗുണത്തിന്റെ ഏറ്റവും വലിയ പ്രതീകമായിരുന്നു നബി(സ). ഇപ്പോൾ ഇക്കാലത്ത് തന്റെ യജമാനനെ പിൻപറ്റിക്കൊണ്ട് ആ ഉന്നതമായ ഗുണം സ്ഥാപിക്കുന്നതിനായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. ആ മഹാത്മാവിന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ ഞാൻ പറഞ്ഞു. ഈ മാതൃക നമ്മുടെ ജീവിതം നന്നാക്കിത്തീർക്കാൻ നമുക്ക് വളരെ അത്യാവശ്യമാണ്. അല്ലാഹു നമ്മളേയും അവന്റെ നിറം ചാർത്തുന്നവരും അവന്റെ സവിശേഷ ഗുണങ്ങൾ ജീവിതത്തിൽ പകർത്തുന്നവരും ആക്കിത്തീർക്കുമാറാകട്ടെ.

# ഖിലാഫത്ത് ജൂബിലി പ്രചാരണയോഗം നടത്തി

**അലനെല്ലൂർ:** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ജൂബിലി പ്രചാരണയോഗം 26,27,28 തിയ്യതികളിൽ അലനെല്ലൂർ, പാലക്കാഴി, ഉണ്ണിയാൽ, യതീംഖാന, തിരുവഴാംകുന്ന്, അലനല്ലൂർ, ഹോസ്പിറ്റൽ ജംഗ്ഷൻ എന്നിവിടങ്ങളിലായി നടന്നു. മൗലവി നാസിർ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എച്ച്.എ എന്നിവർ പ്രസംഗിച്ചു.

ആഗോളതലത്തിൽ ഏക ഖലീഫയുടെ നേതൃത്വത്തിൽ അണിനിരന്ന് പ്രവർത്തിക്കുന്ന അഹ്മദിയ്യാ ഖിലാഫത്തിന്റെ തണലിൽ മാത്രമേ ലോകത്തിന് ശാന്തിയും സമാധാനവും നിലനിർത്താൻ സാധിക്കുകയുള്ളൂവെന്ന് പ്രാസംഗികന്മാർ അഭിപ്രായപ്പെട്ടു. മുസ്‌ലിംകൾ കക്ഷിപ്രതികക്ഷികളായി ഭിന്നിച്ച് പോകുന്നതിന് കാരണം, ഇക്കാലഘട്ടത്തിലെ പണ്ഡിതന്മാരാണെന്നും ആഗോളതലത്തിൽ ഇമാമും ജമാഅത്തുമുള്ള കക്ഷിയിൽ അണിനിരന്ന് പ്രവർത്തിക്കാനാണ് റസൂൽ(സ) നിർദ്ദേശിച്ച ഏകപരിഹാരമാർഗ്ഗമെന്നും പ്രാസംഗികന്മാർ വിവിധ യോഗങ്ങളിലായി അഭിപ്രായപ്പെട്ടു.

## സാന്ത്വന ഭവൻ സന്ദർശനം

**കൂടാളി:** ഖിദ്മത്തെ ഖൽഖ് വാരത്തിന്റെ ഭാഗമായി കൂടാളി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ കണ്ണൂർ ഏച്ചൂരിനടുത്തുള്ള സാന്ത്വനഭവൻ സന്ദർശിച്ചു. ഇരുപതോളം കുട്ടികൾ താമസിക്കുന്ന ഈ അനാഥാലയത്തിൽ ഏറെ സമയം ചെലവഴിച്ച ഖാദിംകൾ അരി, വസ്ത്രങ്ങൾ, മധുരപലഹാരങ്ങൾ തുടങ്ങിയവ വിതരണം ചെയ്തു. പരിപാടിക്ക് ഖാഇദ് ഷബീബ് ഹനീഫ് സാഹിബ്, സാഹിർഷാ സാഹിബ് തുടങ്ങിയവർ നേതൃത്വം നല്കി. ഇത്തരം അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നത് അതുല്യമായ അനുഭവമാണെന്ന് ഖാദിംകൾ പറഞ്ഞു.

## തർബിയ്യത്ത് യോഗം

**പഴയങ്ങാടി:** പഴയങ്ങാടി പ്രാദേശിക ജമാഅത്തിന്റെ പ്രവർത്തകസമിതി അധികാരമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തർബിയ്യത്ത് യോഗം നടന്നു. യോഗത്തിൽ കണ്ണൂർമേഖലാ ആക്ടിംഗ് അമീർ യു. മൻസൂർ സാഹിബ് ആധ്യക്ഷം വഹിച്ചു. ഭാരവാഹികളുടെ കടമയെക്കുറിച്ച് മൗലവി ടി.എം. മുഹമ്മദ് സാഹിബ് പ്രഭാഷണം നടത്തി. യോഗത്തിൽ സംസാരിച്ച അമീർ സാഹിബ് പുതിയ പ്രവർത്തകസമിതിക്ക് ആശംസകളർപ്പിച്ചു. ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് പഴയങ്ങാടി ത്വാഹിർ മസ്ജിദിൽ വഖാറെ അമൽ സംഘടിപ്പിച്ചു. പരിപാടിക്ക് ജനാബ് നാസിമുദ്ദീൻ സാഹിബ് നേതൃത്വം നല്കി.

## മസീഹ് മൗഊദ് ദിനയോഗം

**കണ്ണൂർ:** ലജ്ന ഇമായില്ലാഹ് കണ്ണൂർടൗൺ മസീഹ് മൗഊദ് ദിനയോഗവും നബികീർത്തനയോഗവും സംഘടിപ്പിച്ചു. യോഗത്തിൽ ലജ്ന ഇമായില്ലാ പ്രസിഡണ്ട് വഹീദ സാഹിബ അധ്യക്ഷത വഹിച്ചു. നബിതിരുമേനി (സ)യുടെ ജീവിതത്തെ ആസ്പദമാക്കിക്കൊണ്ട് എസ്.വി. കുഞ്ഞാമിന സാഹിബ പ്രസംഗിച്ചു. മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യങ്ങളെക്കുറിച്ച് കെ. നസീറയും സംസാരിച്ചു. ഫൗമിയ മുബാറക്ക സാഹിബ നബി(സ)യുടെയും മസീഹ് മൗഊദ്(അ)ന്റെയും ജീവിതത്തിലെ സംഭവകഥകൾ സദസ്സിനെ കേൾപ്പിച്ചു. യോഗാനന്തരം ലജ്ന പ്രവർത്തകർ സംഘടിപ്പിച്ച ഭക്ഷ്യമേള ഉണ്ടായിരുന്നു. ഈ ഭക്ഷ്യമേളയിൽ വിറ്റഴിക്കപ്പെട്ട ആഹാരപദാർത്ഥങ്ങളുടെ ലാഭം ഖിലാഫത്ത് ഫണ്ടിലേക്ക് സംഭാവന നൽകി.

# റുവാണ്ടൻ വൈദികന് ജീവപര്യന്തം




**അറുശ (ടാൻസാനിയ):** 1994-ൽ നടന്ന റുവാണ്ടയിലെ വംശഹത്യയിൽ ന്യാംഗെ പാരിഷ് ചർച്ചിൽ അഭയം തേടിയ 1500 ഓളം വരുന്ന ടുട്സി ഗോത്രക്കാരെ ചർച്ച് ബുൾഡോസർ ഉപയോഗിച്ച് തകർത്ത് തീവെച്ച് കൊന്നൊടുക്കാൻ ഉത്തരവ് നൽകിയത് തെളിഞ്ഞതിനെ തുടർന്ന് ഐക്യരാഷ്ട്രസഭാ ട്രിബ്യൂണൽ റുവാണ്ടൻ റോമൻ കത്തോലിക്കാ വൈദികനായ അഥനാസെ സരോംബാവറിന് ജീവപര്യന്തം ശിക്ഷ വിധിച്ചു. നൂറുദിവസത്തോളം നീണ്ടുനിന്ന വംശീയ സംഘട്ടനത്തെത്തുടർന്ന് 5 ലക്ഷത്തോളം ടുട്സി ഗോത്രക്കാരും മിതവാദികളായ ഹുടുവംശജരും ഹുടുതീവ്രവാദികളാൽ കൊല്ലപ്പെട്ടതായാണ് കണക്ക്. ന്യാംഗെപാരിഷിലെ ചർച്ചിന്റെ മേൽക്കൂര പെട്രോളൊഴിച്ച് കത്തിക്കുകയും ഉള്ളിലേക്ക് പോലീസ് ഗ്രനേഡ് എറിയുകയും ചെയ്തു. എല്ലാവരും കൊല്ലപ്പെട്ടുവെന്ന് ഉറപ്പുവരുത്തുന്നതിന് വൈദികൻ ചർച്ച് ബുൾഡോസർ വച്ച് തകർക്കാൻ ആജ്ഞാപിച്ചതായി ട്രൈബ്യൂണൽ കണ്ടെത്തി. ആയിരക്കണക്കിന് റുവാണ്ടക്കാർ റോമൻ കത്തോലിക്കാസഭയോട് വിടപറയാൻ തുടങ്ങിയതോടെയാണ് പുരോഹിതന്മാരുടെ നേതൃത്വത്തിൽ ലോകത്തെ ഞെട്ടിച്ച കൊടും ക്രൂരതകളും വംശഹത്യയും അരങ്ങേറിയത്. ഈ കൃത്യത്തിൽ പാതിരിമാരും കന്യാസ്ത്രീകളും ക്രിസ്തുമതാനുയായികളും പങ്കെടുത്തതായി ട്രിബ്യൂണൽ കണ്ടെത്തിയിട്ടുണ്ട്.


# മുസ്‌ലിംകളുടെ എണ്ണം കത്തോലിക്കരെ കടത്തിവെട്ടി

**വത്തിക്കാൻ:** ഒസ്സർവാറ്റർ റൊമാനോ എന്ന പ്രസിദ്ധീകരണത്തിൽ വത്തിക്കാൻ ഔദ്യോഗികമായി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ലോകത്ത് ആദ്യമായി മുസ്‌ലിംകളുടെ എണ്ണം കത്തോലിക്കരെ കടത്തിവെട്ടിയതായി പറയുന്നു. ആകെ ജനസംഖ്യയുടെ 19% ഇപ്പോൾ മുസ്‌ലിംകളാണെങ്കിൽ കത്തോലിക്കരുടെ എണ്ണം 17% മാത്രമേയുള്ളൂ. മുസ്‌ലിംകൾ കൂടുതൽ സന്താനങ്ങളെ സമ്പാദിക്കുന്നതിനാലാണ് വളർച്ചയെന്നാണ് വത്തിക്കാന്റെ കണ്ടെത്തൽ.

(അവലംബം- ബിഗ് ന്യൂസ്, മാർച്ച് 30).

# ഖുർആൻ പാദരക്ഷയിലും!

**ലണ്ടൻ:** ഖുർആൻ വചനങ്ങൾ ഇനി പാദരക്ഷകളിലും കാണാം. ഫിത്നാ എന്ന സിനിമയിലൂടെ മുസ്‌ലിം ലോകത്തെ പ്രകോപിപ്പിച്ച പാശ്ചാത്യർ മറ്റൊരു രീതിയിലും ഇസ്‌ലാമിക വിശ്വാസികളെ പ്രകോപിപ്പിക്കുന്നു. ഇത്തവണ പ്രകോപനത്തിന്റെ കാരണമാവുന്നത് ലോകപ്രശസ്ത ഷൂ നിർമ്മാതാക്കളായ നൈക്കി പുറത്തിറക്കിയ ഷൂസാണ്. ഈ



ഷൂവിന്റെ പുറത്ത് അല്ലാഹു എന്നും, ഇതര അറബി വാക്കുകളും പതിച്ചിട്ടുണ്ട്. പുതിയ ഉല്പന്നത്തിന്റെ പ്രകോപനപരമായ വിപണനസാധ്യതകൾ നൈക്കിയെ ആഹ്ലാദചിത്തരാക്കിയിട്ടുണ്ട്.

പല കോണിൽ നിന്നും പ്രതിഷേധമുണ്ടായിട്ടും ഈ പുതിയ ഉല്പന്നങ്ങൾ പിൻവലിക്കാൻ നൈക്കി തയ്യാറല്ല. തങ്ങളുടേത് വെറമൊരു ഉപഭോഗസാധനം മാത്രമായി കാണണമെന്നാണ് കമ്പനിയുടെ അഭ്യർത്ഥന. എന്തായാലും പ്രതിഷേധം ശക്തിപ്രാപിക്കുകയാണ്.

Published by Shefi Ahmad, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - Ashique Thotton, Editor - Shajir Ahamed. T, Kannur.